# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് ഏ-ഇകെഎം(പി1) 488/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 30/03/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് ഏ-ഇകെഎം(പി1) 488/2021 തീയ്യതി: 30/03/2021

## എറണാകുളം ജില്ലയിലെ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദ് കെ കെ | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-03-2021 | 17-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൾ സലാം ടി ഐ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി. ശ്രീജ ഉണ്ണികൃഷ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരീഷ് ബാബു.എൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സ്വപ്ന വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.കെ.വേലായുധൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. അനിൽകുമാർ.എൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയത (വരെ |
|---|---|---|---|
| ശ്രീ.ജോമോൻ.ടി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.ജോർജ്ജ്.കെ.കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ആശ പോൾ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ഉമ മഹേശ്വരി.എസ് | മെഡിക്കൽ ഓഫീസർ, ആയുർവേദ ആശുപത്രി | 01-04-2019 | 31-03-2020 |
| ഡോ.ലെന മേരി കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി | 01-04-2019 | 31-03-2020 |
| ശ്രീമതി.ജിലൂസൺ തോമസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ശീതള .എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അമ്പലമേട് | 01-04-2019 | 27-06-2019 |
| ശ്രീമതി. ജിഷ പി. എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അമ്പലമേട് | 21-09-2019 | 31-03-2020 |
| ശ്രീമതി.മീര നമ്പൂതിരി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പുത്തൻകുരിശ് | 01-04-2019 | 16-09-2019 |
| ശ്രീ വിനോദ് ശ്രീധർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വടവുകോട് | 01-04-2019 | 16-09-2019 |
| ശ്രീമതി. നിഷ. പി. എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വടവുകോട് | 16-09-2019 | 31-03-2020 |
| ശ്രീമതി.നക്ഷത്രവല്ലി.പി.എൻ | ഹെഡ്മിസ്ട്രസ്. ജി.എൽ.പി.എസ്. പുത്തൻകുരിശ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ജയ. എം. ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ,പട്ടിമറ്റം | 01-04-2019 | 31-03-2020 |
| ശ്രീ.ഉമേഷ്.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 16-12-2019 |
| ശ്രീ ബിജു ബേബി | അസിസ്റ്റന്റ് സെക്രട്ടറി | 17-12- | 31-03- |

| | 2019 | 2020 |
|---|---|---|

.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Hareesh Babu .N (Asst. Audit Officer, On 12-03-2021)<br>Last Updated By: Siji (Computer Assistant, On 29-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Swapna.V (Auditor, On 13-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Swapna.V (Auditor, On 14-03-2021)<br>Last Updated By: Bindu L (Computer Assistant, On 30-03-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Hareesh Babu .N (Asst. Audit Officer, On 07-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 08-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-4 |
| 6 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Swapna.V (Auditor, On 13-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-5 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 16-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-6 |
| 8 | സാമൂഹ്യ സുരക്ഷ പെൻഷൻ-അനർഹരെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നതു സംബന്ധിച്ച്<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 17-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-6-1 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Hareesh Babu .N (Asst. Audit Officer, On 08-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-7 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Swapna.V (Auditor, On 13-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-8 |
| 11 | പദ്ധതി അവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 08-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-9 |
| 12 | ഗ്രാമസഭകൾ നിയമപ്രകാരം കൂടുന്നില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 15-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-10 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 16-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-11 |
| 14 | വാടക -അപാകതകൾ<br>Written By: Swapna.V (Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-12 |
| 15 | വാടകക്കരാർ സൂക്ഷിച്ചിട്ടില്ല<br>Written By: Swapna.V (Auditor, On 17-03-2021)<br>Last Updated By: Bindu L (Computer Assistant, On 30-03-2021) | 1-12-1 |
| 16 | തൊഴിൽ നികുതി ഈടാക്കിയതിലെ -അപാകതകൾ<br>Written By: Swapna.V (Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-13 |
| 17 | സ്ഥാപനതൊഴിൽ നികതി, ജീവനക്കാരുടെ തൊഴിൽ | 1-13-1 |

| | | |
|---|---|---|
| | നികുതി എന്നിവ ഈടാക്കിയില്ല<br>Written By: Swapna.V (Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | |
| 18 | തൊഴിൽ നികുതി അപാകതകൾ<br>Written By: Swapna.V (Auditor, On 17-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-13-2 |
| 19 | ടെണ്ടർ കുറവ് തുക ബില്ലിൽ കുറച്ചില്ല<br>Written By: Abdul Salam T.I (Audit Officer, On 16-03-2021)<br>Last Updated By: Bindu L (Computer Assistant, On 30-03-2021) | 1-14 |
| 20 | ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ കരാറുകാർക്ക് അധിക തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 16-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-15 |
| 21 | ആദായ നികുതി ബില്ലിൽ കുറച്ചതിലെ അപാകത സംബന്ധിച്ച്<br>Written By: Hareesh Babu .N (Asst. Audit Officer, On 17-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-16 |
| 22 | ഐ.കെ.എം വിഹിതം നൽകൽ<br>Written By: Hareesh Babu .N (Asst. Audit Officer, On 14-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-17 |
| 23 | പഠനമുറി നിർമ്മാണം (എസ്.സി)-അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 14-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-18 |
| 24 | പൈപ്പ് ലൈൻ നീട്ടൽ- പൂർത്തീകരണ/വിനിയോഗ വിവരം ലഭ്യമല്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 14-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-19 |
| 25 | തെരുവ് വിളക്ക് മെയിന്റനൻസ്- അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 14-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-20 |
| 26 | സെന്റേജ് ചാർജ് അധികം നൽകി<br>Written By: Hareesh Babu .N (Asst. Audit Officer, On 14-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-21 |
| 27 | അഗതി രഹിത കേരളം പദ്ധതി-അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 16-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-22 |
| 28 | പേവിഷ നിർമാർജ്ജന ക്യാംപ് -വാക്സിനേഷനായി ഡോഗ് ലൈസൻസ് നിർബന്ധമാക്കുന്നില്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 17-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-23 |
| 29 | ഇ-ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിച്ചില്ല.<br>Written By: Abdul Salam T.I (Audit Officer, On 16-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-24 |
| 30 | ലൈഫ് പദ്ധതി-സ്ഥലം വാങ്ങൽ തുടർ നടപടികളുടെ വിവരം സംബന്ധിച്ച്<br>Written By: Hareesh Babu .N (Asst. Audit Officer, On 16-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-03-2021) | 1-25 |
| 31 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി-ചെലവു രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസപ്പെടുത്തുന്നു.<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 17-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-26 |
| 32 | കാലിത്തൊഴുത്ത് നവീകരണം- ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി | 1-27 |

| | | |
|---|---|---|
| | Written By: Sreeja Unnikrishnan (Asst. Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | |
| 33 | നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്<br>Written By: Hareesh Babu .N (Asst. Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-28 |
| 34 | ദിശ-സമഗ്ര വിദ്യാഭ്യാസ പദ്ധതി<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 17-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-29 |
| 35 | മഴക്കാല പൂർവ്വ ശുചീകരണം- അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 14-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-30 |
| 36 | ടാക്സി വാടകയായി തുക അനുവദിച്ചത്-അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 14-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-31 |
| 37 | വിവിധ വിഷയങ്ങളിൽ മുൻകാല റിപ്പോർട്ടുകളിൽ പരാമർശിച്ച പോരായ്മകൾ പരിഹരിച്ചില്ല<br>Written By: Abdul Salam T.I (Audit Officer, On 17-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 1-32 |
| **ഭാഗം 2** | | |
| 1 | തൊഴിൽ നികുതി ഈടാക്കിയതിലെ -അപാകതകൾ<br>Written By: Swapna.V (Auditor, On 17-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 2-1 |
| 2 | വാടക-ഈടാക്കിയിട്ടില്ല<br>Written By: Swapna.V (Auditor, On 17-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-03-2021) | 2-2 |
| **ഭാഗം 3** | | |
| 1 | ടെണ്ടർ കുറവ് തുക ബില്ലിൽ കുറച്ചില്ല-രൂപ 13,920/- കരാറുകാരന് അധികം നൽകി<br>Written By: Abdul Salam T.I (Audit Officer, On 16-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 3-1 |
| 2 | ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ കരാറുകാർക്ക് അധിക തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 16-03-2021)<br>Last Updated By: Bindu L (Computer Assistant, On 30-03-2021) | 3-2 |
| 3 | കാലിത്തൊഴുത്ത് നവീകരണം-അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 17-03-2021)<br>Last Updated By: Bindu L (Computer Assistant, On 29-03-2021) | 3-3 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 08-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-03-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 08-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-03-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 08-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Hareesh Babu .N (Asst. Audit Officer, On 08-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-03-2021) | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Hareesh Babu .N (Asst. Audit Officer, On 08-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Hareesh Babu .N (Asst. Audit Officer, On 08-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Hareesh Babu .N (Asst. Audit Officer, On 13-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Hareesh Babu .N (Asst. Audit Officer, On 08-03-2021)<br>Last Updated By: Bindu L (Computer Assistant, On 30-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 08-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 16-03-2021)<br>Last Updated By: Bindu L (Computer Assistant, On 30-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 08-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 26.02.2019ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 6508604.00 |
| വരവ് | 327020000.00 |
| ആകെ | 333528604.00 |
| ചെലവ് | 329473648.00 |
| നീക്കിയിരിപ്പ് | 4054956.00 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 15.02.2019 തീയതിയിൽ തന്നെ ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് ഫയൽ പരിശോധിച്ചതിൽ പ്രീ ബജറ്റ് മീറ്റിംഗ് 04.02.2019ൽ നടത്തി വിവിധ സ്ഥാപനങ്ങളുടെ വരുമാനവും ചെലവും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും ഇത് ഉൾക്കൊണ്ട് തന്നെ ബജറ്റ് തയ്യാറാക്കുകയാണ് ചെയ്തിട്ടുള്ളത്. സ്ഥാപനത്തിന്റെ 2019-20 ലെ പുതുക്കിയ ബജറ്റ് 13.02.2020 ലെ 1(1) തീരുമാന പ്രകാരം അംഗീകരിക്കുകയും, അതു പ്രകാരമുള്ള വരവ് 492634832.00 രൂപയും,ചെലവ് 488579876.00 രൂപയുമാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 30.05.2020 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1) 2019-20 ലെ വാർഷിക ധനകാര്യ പത്രികയിലെ B18 ഷെഡ്യൂളിലെ 460500199 എന്ന ഹെഡിൽ വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ 700000/-രൂപയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ ഓഡിറ്റിന്റെ ഭാഗമായി സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളുടെ പരിശോധനയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രവൃത്തിയ്ക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക 280000/-രൂപയാണ്. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരവും 280000/-രൂപയാണ് ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വൗച്ചറുകളുടെ പരിശോധനയിൽ 19.06.2019 ൽ 420000/-രൂപ കൂടി വാട്ടർ അതോറിറ്റിയ്ക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷനു വേണ്ടി നൽകിയിട്ടുണ്ട്. സുലേഖ സ്റ്റേറ്റ്മെന്റിൽ ആയതിന്റെ വിവരം ചേർക്കാതിരുന്നത് ശരിയായ നടപടിയല്ല.

2) സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു

വിവിധ സംയുക്ത പ്രൊജക്ടുകൾക്ക് ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ചിട്ടുള്ള ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ/പൂർണ്ണമായി ചെലവഴിക്കാതെ, സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

13-ാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ സ.ഉ. (പി) 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

A) ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്തംബർ 30 ന് മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

B) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നൽകിയ തദ്ദേശ സ്ഥാപനത്തിന്, മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ മേൽ സ്ഥാപനത്തിന് കഴിയും വിധം, ഫെബ്രുവരി 28ന് മുമ്പേ തിരിച്ച് നൽകേണ്ടതുമാണ്.

C) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നൽകേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

D) സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്ട് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ ബാധ്യത പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത്, സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട്മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള പദ്ധതി നിർവ്വഹണത്താൽ സാമ്പത്തിക വർഷാവസാനത്തിൽ മുൻവർഷങ്ങളിൽ ലഭിച്ച തുകയടക്കം 22,25,000/- രൂപ തിരിച്ചടക്കാതെ അവശേഷിക്കുന്നു. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം 320700204 എന്ന ഹെഡിൽ 2015-16 സാമ്പത്തിക വർഷം ഒ.ഡി.എഫ് ഇനത്തിൽ ലഭിച്ച 8,25,000/-രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു. കൂടാതെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം 320700304 എന്ന ഹെഡിൽ 14,00,000/- രൂപ ബയോ കമ്പസ്റ്റർ എന്ന പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2017-18 ൽ ലഭിച്ച തുകയാണ്. ഈ തുകയും നാളിതു വരെയും ചെലവഴിച്ചിട്ടില്ല.

3) ബാലൻസ് ഷീറ്റിൽ 320800101 എന്ന ഹെഡിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ 2017-18 ൽ പിരിച്ച 12,12,798/-രൂപ നീക്കിയിരുപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക നാളിതു വരെയും ചെലവഴിച്ചിട്ടില്ല.

4) ബാലൻസ് ഷീറ്റ് B9 സ്റ്റേറ്റ്മെന്റ് പ്രകാരം 350200201 ഹെഡിൽ VAT ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ള 76,859/-രൂപ നാളിതു വരെയും ബന്ധപ്പെട്ട വകുപ്പിൽ അടവാക്കിയിട്ടില്ല.

5) ബാലൻസ് ഷീറ്റ് B9 സ്റ്റേറ്റ്മെന്റ് പ്രകാരം 350200203 ഹെഡിൽ KCWWF ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ള 25,069/-രൂപ നാളിതു വരെയും ബന്ധപ്പെട്ട വകുപ്പിൽ അടവാക്കിയിട്ടില്ല.

6) Joint Venture സ്പെഷൽ ടി എസ് ബി അക്കൗണ്ടിൽ മുന്നിരിപ്പ് തുകയായ 35815/-രൂപ തന്നെയാണ് നീക്കിയിരുപ്പായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

7) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase/(Decrease) In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 39,26,543/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)23,98,977/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.6/21,തീയതി 10.03.21)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 38978752.27 |
| വരവ് | 115108544.00 |
| ആകെ | 154087296.27 |
| ചെലവ് | 119035087.00 |
| നീക്കിയിരിപ്പ് | 35052209.27 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ചെലവ് (എ.സി. ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 11817759 | 11817759 | 10962882 | 854877 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 13290000 | 13290000 | 10712239 | 2577761 (Lapsed) |
| വികസനഫണ്ട് (റ്റി.എസ്.പി) | 0 | 394000 | 394000 | 341952 | 52048 (Lapsed) |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12368000 | 12368000 | 4400729 | 7967271 (Lapsed) |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3560000 | 3560000 | 2551765 | 1008235 (Lapsed) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 9209270 | 9209270 | 2685422 | 6523848 Lapsed |
| മറ്റ് പ്രത്യേക ഉദ്ദേശ ഗ്രാന്റ് | 0 | 150000 | 150000 | 150000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| 1.ടി എസ് സി | 58011 | 1766 | 59777 | 59777 | 0 |
| 2.ഐ.സി.ഡി. എസ് | 1613186 | 2759663 | 4372849 | 1627672 | 2745177 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| 1.വിമുക്തി | 30915 | 0 | 30915 | 0 | 30915 |
| 2.ലൈബ്രറി ഗ്രാന്റ് | 6190 | 44900 | 51090 | 31400 | 19690 |
| 3.സാക്ഷരത | 155614 | 5360 | 160974 | 0 | 160974 |
| 4.ശുചിത്വ മിഷൻ | 2896039 | 0 | 2896039 | 877349 | 2018690 |
| 5.ബഡ്സ് സ്കൂൾ | 1255040 | 0 | 1255040 | 0 | 1255040 |
| 6.ആശ്രയ | 0 | 504078 | 504078 | 0 | 504078 |

## 1-5 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.03.2021ന് അസി.സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 61696/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11040 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 1690800 | 115 |
| വിധവാപെൻഷൻ | 5452200 | 371 |
| വാർദ്ധക്യകാലപെൻഷൻ | 6804300 | 452 |
| വികലാംഗപെൻഷൻ | 1242400 | 83 |
| വിവാഹധനസഹായം | 90000 | 3 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 241800 | 16 |

## 1-6-1 സാമൂഹ്യ സുരക്ഷ പെൻഷൻ-അനർഹരെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നതു സംബന്ധിച്ച്

സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടാൽ/പുനർ വിവാഹം ചെയ്താൽ അവരെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ വിവിധ സർക്കുലറുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലർ നം.എസ്.എഫ്.സി- ബി2/53/2017/ധന, തീ.22.01.18ൽ പറഞ്ഞിരിക്കുന്നത് പെൻഷനുമായി വീട്ടിൽ എത്തുന്ന സഹകരണ സംഘം ഏജന്റിന്, ഗുണഭോക്താവ് മരണപ്പെട്ടു / പുനർ വിവാഹം ചെയ്തു എന്ന് വ്യക്തമായാൽ ആ വിവരം സഹകരണ സംഘം സെക്രട്ടറിയെ അറിയിക്കേണ്ടതും സെക്രട്ടറി ആ വിവരം സേവന സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത വിവരം ഒരു മെസേജ് രൂപത്തിൽ പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ലഭിക്കുകയും പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ പെൻഷൻ ഉടനടി സസ്പെന്റ് ചെയ്യേണ്ടതുമാണ്. ഇതു കൂടാതെ പ്രാദേശിക സർക്കാരിൽ നിന്നും മരണ സർട്ടിഫിക്കറ്റ് / പുനർ വിവാഹ സർട്ടിഫിക്കറ്റ് അനുവദിക്കുന്ന നടപടി ക്രമങ്ങളും പെൻഷൻ ഡാറ്റാ ബേസും ആധാർ നമ്പരും ബന്ധിപ്പിച്ച് മരണപ്പെട്ട/പുനർ വിവാഹം ചെയ്ത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ്.

മരണപ്പെട്ടതിനു ശേഷവും സേവന ഡാറ്റാബേസിൽ തുടരുന്ന വ്യക്തികളുടെ വിവരങ്ങൾ സേവന സോഫ്റ്റ്വെയർ മുഖാന്തിരം IKM പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് ലഭ്യമാക്കേണ്ടതാണെന്നും ഇത്തരത്തിൽ സേവനയിൽ ലഭ്യമായ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ സെക്രട്ടറിമാർ പരിശോധിച്ച് 15 ദിവസത്തിനുള്ളിൽ ഡാറ്റാ ബേസിൽ നിന്നും സസ്പെന്റ് ചെയ്യേണ്ടതുമാണെന്നും സർക്കുലർ നം.109/2018/ധന,തീ.23.11.18/എസ്.എഫ്.സി യിൽ നിർദ്ദേശിച്ചിട്ടുണ്ട്.

പുനർ വിവാഹം ചെയ്തതിനു ശേഷവും പെൻഷൻ തുക കൈപ്പറ്റുന്ന സാഹചര്യമുണ്ടായാൽ ഇത്തരക്കാരുടെ വിവരങ്ങൾ ശേഖരിച്ച് അധികമായി കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാനും ഗുണഭോക്താവ് മരണപ്പെട്ടതിനു ശേഷം അനുവദിച്ച തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അത് തിരിച്ചടയ്ക്കാൻ അനന്തരാവകാശികൾക്കും പ്രാദേശിക സർക്കാരുകൾ നോട്ടീസ് നൽകേണ്ടതും തുക തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

2019-20 വർഷം മരണപ്പെട്ട/പുനർ വിവാഹം ചെയ്തവരെ മേൽ ഖണ്ഡികകളിൽ പരാമർശിച്ചിരിക്കുന്ന നടപടിക്രമം പ്രകാരമാണോ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കിയതെന്ന വിവരവും ഓരോ ഇനം പെൻഷൻ വാങ്ങുന്നവരിൽ നിന്നും എത്ര പേരെ 2019-20 ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് എന്നതും അനർഹർ പെൻഷൻ കൈപ്പറ്റിയ കേസുകളിൽ നോട്ടീസ് അയച്ച് എത്ര തുക തിരികെ ഈടാക്കിയിട്ടുണ്ടെന്ന വിവരവും അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 30/19-20/16.3.2021നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ

കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് അനർഹരായ ഗുണഭോക്താക്കളെ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

2019-20 സാമ്പത്തിക വർഷം തോടുകളും പറമ്പുകളും വൃത്തിയാക്കൽ, റോഡ് നിർമ്മാണം തുടങ്ങിയ 260 പദ്ധതികൾക്കായി 1,26,40,001/- അടങ്കലുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 186 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 31359 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 60 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ആകെ 136 വീടുകളിലായി 167 പേർക്ക് തൊഴിൽകാർഡ് നൽകിയിട്ടുണ്ട്.
2019-20 വർഷത്തെ വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 31541 | 700408 | 731949 | 715897 | 16052 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11924104 | 11924104 | 11924104 | 0 |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.02.2021 | ഒക്ടോബർ 2020 മുതൽ ഡിസംബർ 2020 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.08.2017മുതൽ 11.09.2017 വരെ | 2010- 11 മുതൽ 2014-15 വരെ | 22.09.2017 |

## 1-9 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 374 | 371589919 | 140 | 87060188 | 22 | 202 | 37.4 |

## 1-10 ഗ്രാമസഭകൾ നിയമപ്രകാരം കൂടുന്നില്ല

1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. 2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ 17വാർഡുകളിലും രണ്ട് തവണ മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, എം.ജി.എൻ.ആർ.ഇ.ജി.എസ്, പദ്ധതി ഭേദഗതി, പ്ലാസ്റ്റിക് ശേഖരണം, യൂസർ ഫീ ഈടാക്കുന്നത് തുടങ്ങിയ നടപടി ക്രമങ്ങൾക്കായാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ്നം. | യോഗം ചേർന്ന തീയതി |
|---|---|

| | |
|---|---|
| 1 | 04.08.2019,19.01.2020 |
| 2 | 02.04.2019,02.02.2020 |
| 3 | 15.08.2019,02.02.2020 |
| 4 | 11.08.2019,20.02.2020 |
| 5 | 11.08.2019,09.02.2020 |
| 6 | 31.08.2019,16.02.2020 |
| 7 | 01.09.2019,16.02.2020 |
| 8 | 04.07.2019,09.02.2020 |
| 9 | 04.08.2019,09.02.2020 |
| 10 | 04.08.2019,09.02.2020 |
| 11 | 01.09.2019,19.01.2020 |
| 12 | 15.08.2019,02.02.2020 |
| 13 | 15.08.2019,09.02.2020 |
| 14 | 28.07.2019,23.02.2020 |
| 15 | 22.07.2019,23.02.2020 |
| 16 | 28.07.2019,16.02.2020 |
| 17 | 14.08.2019,23.01.2020 |

ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ കൂടേണ്ടതും ജനപങ്കാളിത്തം ഉറപ്പുവരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്. 2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗ മിനുട്സുകൾ പരിശോധിച്ചതിൽ കേരള പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരള പഞ്ചായത്ത് രാജ് (ഗ്രാമസഭയുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പല ഗ്രാമസഭ യോഗങ്ങളും നടത്തിയിരിക്കുന്നത് എന്ന് വ്യക്തമായി.

1) ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തെയും, ജില്ലാപഞ്ചായത്ത് അംഗത്തേയും നിമസഭാംഗത്തെയും നിർബന്ധമായും ഗ്രാമസഭയുടെ കൺവീനർ ക്ഷണിക്കേണ്ടതാണ് എന്ന് നിയമത്തിൽ വ്യക്തമായി നിർദ്ദേശിക്കുന്നുണ്ട് [(സെക്ഷൻ 3(3)]. എന്നാൽ മേൽ നിർദ്ദേശം പാലിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

2) ഗ്രാമസഭയുടെ ഏതൊരു യോഗത്തിലും ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റോ അഥവാ അദ്ദേഹത്തിന്റെ അസാനിദ്ധ്യത്തിൽ വൈസ് പ്രസിഡന്റോ അവരുടെ രണ്ടുപേരുടെയും അസാനിദ്ധ്യത്തിൽ ഗ്രാമസഭയുടെ കൺവീനറോ അദ്ധ്യക്ഷം വഹിക്കേണ്ടതാണ് എന്നാണ് നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ളത് [(സെക്ഷൻ 3(5)]. എന്നാൽ പല യോഗങ്ങളിലും ഇതിന് വിരുദ്ധമായി യോഗം നടത്തിയതായി കാണുന്നു.

3) ആ നിയോജക മണ്ഡലത്തെ സംബന്ധിച്ച മുൻ വർഷത്തെ വികസന പരിപാടികളെയും, നടപ്പു വർഷം ഏറ്റെടുക്കാനുദ്ദേശിക്കുന്ന വികസന പരിപാടികളെയും അതിനു വേണ്ടി വരുന്ന ചെലവും സംബന്ധിച്ച ഒരു റിപ്പോർട്ടും മുൻ വർഷത്തെ വാർഷിക കണക്കുകളുടെ സ്റ്റേറ്റ്മെന്റ്, ഭരണ നിർവഹണത്തിന്റെ ഒരു റിപ്പോർട്ട് എന്നിവ ഒരു വർഷത്തിലെ ആദ്യയോഗത്തിൽ ഗ്രാമസഭ മുമ്പാകെ ഗ്രാമപഞ്ചായത്ത് വയ്ക്കേണ്ടതാണ്. എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും [(സെക്ഷൻ 3(6)] ഇത്തരത്തിൽ ഒരു റിപ്പോർട്ടും ഗ്രാമസഭ മുമ്പാകെ അവതരിപ്പിച്ചതായി കാണുന്നില്ല.

4) ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും സെക്ഷൻ 3എ യിൽ പരാമർശിക്കുന്നുണ്ട്.

പ്രദേശത്ത് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളുടെ നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദ്ദേശിക്കുകയും ചെയ്യുക. ടാപ്പുകൾ, കിണറുകൾ തെരുവ് വിളക്കുകൾ, തുടങ്ങിയവ എവിടെ സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുക. സർക്കാരിൽ നിന്ന് ലഭിക്കുന്ന പെൻഷൻ,

സബ്സിഡി പോലുള്ള ക്ഷേമ സഹായങ്ങൾ കൈപ്പറ്റുന്നവരുടെ അർഹത പരിശോധിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നതാണ്. ഇക്കാര്യങ്ങളൊന്നും ഗ്രാമസഭകളിൽ ചർച്ചചെയ്തതായി കാണുന്നില്ല.

5) മിക്ക ഗ്രാമസഭായോഗങ്ങളിലും യോഗ നടപടിക്രമങ്ങൾ ശരിയായി രേഖപ്പെടുത്തപ്പെടുന്നില്ല. അപാകതകൾ പരിഹരിച്ച് നിയമപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് ഗ്രാമസഭാ യോഗങ്ങൾ നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിന്റെ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

### 1) ലൈസൻസ്

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നെങ്കിലും 2019-20 ലേക്കുള്ള ലൈസൻസ് നൽകിയിട്ടുള്ളത് മേൽ ഭേദഗതി ചട്ടങ്ങൾ പ്രകാരമല്ല.

### 2) ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ധാരാളം വാണിജ്യ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും തൊഴിൽ നികുതിയിനത്തിലെ വരുമാനത്തിൽ അത് പ്രതിഫലിക്കുന്നില്ല. ചെക്ക് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

### 3) ഡെപ്പോസിറ്റ് തുകകൾ ബാലൻസ് ഷീറ്റിൽ ചേർക്കുന്നില്ല

മുൻകാലങ്ങളിൽ വിവിധ ഏജൻസികൾക്ക് നൽകിയ ഡെപ്പോസിറ്റ് തുകകൾ ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല.

### 4) ഓഫീസ് പ്രവർത്തനാവലോകനം കാര്യക്ഷമമല്ല

സ്റ്റിയറിംഗ് കമ്മറ്റി മീറ്റിംഗ്, ഓഫീസ് മീറ്റിംഗ് എന്നിവ കൃത്യമായ ഇടവേളകളിൽ കൂടി ഓഫീസ് പ്രവർത്തനാവലോകനം നടത്തുന്നില്ല. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ സെക്ഷനിലേയ്ക്ക് നല്കുന്നുണ്ടെങ്കിലും ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നില്ല എന്നതിനാൽ ലഭിച്ച തപാലുകൾ തീർപ്പാക്കിയോ എന്നറിയാൻ സാധ്യമല്ല. തപാലുകളുടെ തുടർനടപടികളുടെ കൃത്യതയും, സുതാര്യതയും ഉറപ്പാക്കാൻ സൂചിക എന്ന സോഫ്റ്റ്‌വെയർ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ സംവിധാനവും ഉപയോഗിക്കുന്നില്ല. ധാരാളം പൊതുജന പരാതികളും, വിവരാവകാശ അപേക്ഷകളും ലഭിക്കുന്ന പഞ്ചായത്തിൽ ജോലി വിഭജനം, ഫയൽ കൈകാര്യം ചെയ്യൽ എന്നിവ കാര്യക്ഷമമാക്കേണ്ടതുണ്ട്. കെട്ടിടനിർമ്മാണം കച്ചവടം തുടങ്ങി വിവിധമേഖലകളിലെ നിയന്ത്രണസംവിധാനമായി പ്രവർത്തിക്കുന്നതിൽ സ്ഥാപനം വീഴ്ചവരുത്തുന്നു (ഓഫീസ് ഓർഡറിന്റെ അഭാവത്തിൽ ഫീൽഡ് പരിശോധന ആർക്കെന്ന് വ്യക്തമല്ല). സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിലുള്ളവരുടേതൊഴികെ മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി കണക്കാക്കി ഈടാക്കുന്നത് റിട്ടേൺ വാങ്ങിയല്ല. ഫർണ്ണിച്ചർ ഉൾപ്പെടെ ജംഗമ ആസ്തികൾക്ക് കോഡ് നമ്പരുകൾ നൽകുകയോ ഇവ വർഷാന്ത്യത്തിൽ ഭൗതിക പരിശോധനയ്ക്ക് വിധേയമാക്കുകയോ ചെയ്യുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 100% വരുമാന സമാഹരണം പരിഗണനാവിഷയമാക്കുന്നില്ല.

### 5) പൊതുമരാമത്ത് ഫയലുകളുടെ സൂക്ഷിപ്പ് ശരിയായ രീതിയിലല്ല

പൊതുമരാമത്ത് രജിസ്റ്ററുകളും,ഫയലുകളും ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.
മേൽ അപാകതകൾ പരഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

A) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

B) കെട്ടിട നിർമ്മാണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം കൂടി ഫീൽഡ് സ്റ്റാഫിനെ ഏല്പിച്ചുകൊണ്ട് ഓഫീസ് ഉത്തരവ് പരിഷ്കരിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

C) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

D) സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

E) പൊതുമരാമത്ത് രജിസ്റ്ററുകളും, ഫയലുകളും ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) പദ്ധതി മോണിറ്ററിംഗ്

പഞ്ചായത്ത് നടപ്പിലാക്കുന്ന പ്രോജക്ടുകളിൽ വ്യക്തമായ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകൾ നടത്തുന്നില്ല. വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിറ്ററിംഗ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. മോണിറ്ററിംഗ് നടത്തേണ്ട ഉത്തരവാദിത്തം അതത് വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മോണിറ്ററിംഗ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് മോണിറ്ററിംഗ് സമിതികൾ വിലയിരുത്തുന്നില്ല.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്ത് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-12 വാടക -അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കടമുറികൾ 2019-20 വർഷത്തിൽ വാടകയ്ക്ക് എടുത്തിരുന്നവർ വാടക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ ഭാഗം 2-2ൽ ചേർത്തിട്ടുണ്ട്. മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-12-1 വാടകക്കരാർ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കടമുറികൾ 2019-20 വർഷത്തിൽ വാടകയ്ക്ക് എടുത്തവരുമായി ഗ്രാമപഞ്ചായത്ത് വാടക കരാർ വച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടമുറി നം. | വാടകക്കാരന്റെ വിവരം | പ്രതിമാസ വാടക + (ജി.എസ്.ടി ) |
|---|---|---|---|
| 1 | XIV-359 | എം.ജി പ്രസന്നൻ,ചെഞ്ചേരിൽ | 2245+404 |
| 2 | XIV-371 | സി.പി തോമസ്,ചോമിക്കര | 418+75 |
| 3 | XIV-374 | എസ്.വിജയൻ,നെടിയപ്പിള്ളിൽ | 1974+355 |
| 4 | XIV-376 | സി.എൻ സുകുമാരൻ, ചെങ്ങറയിൽ | 440+79 |
| 5 | II/708 | രാജീവ്.എം.കെ,മാളിയേക്കൽ | 940+169 |

| | | | |
|---|---|---|---|
| 6 | V/326 | ടി.കെ സുനിൽ,തോന്നാറിൽ | 851+153 |
| 7 | VIII/427 | സെക്രട്ടറി,VICOS | 1141+205 |
| 8 | VIII/428 | സെക്രട്ടറി,VICOS | 1425+257 |
| 9 | VIII/429 | സെക്രട്ടറി,VICOS | 901+162 |
| 10 | VIII/430 | സെക്രട്ടറി,VICOS | 901+162 |
| 11 | II/703 | മാവേലി സ്റ്റോർ,കരിമുഗൾ | 1699+306 |
| 12 | VIII/431 | അജീസ് ബീരാൻ, തോട്ടപ്പിള്ളിൽ | 1533+276 |
| 13 | VIII/458 | കുഞ്ഞമ്മ തമ്പി,മനയത്ത് | 1084+195 |
| 14 | VIII/938 | സാറമ്മ ജേക്കബ്, എം.ഡി, മാസ്സ് സി.എൻ.സി ടെക്നോളജി പ്രൈ. ലിമിറ്റഡ് | |
| 15 | VIII/1028 | ഷെജീർ,അയ്യനക്കുടി | 21187+3814 |
| 16 | VIII/ 1032A | സുജാത സന്തോഷ്, സെക്രട്ടറി, ഗ്രാമശ്രീ കുടുംബശ്രീ | 1500+270 |
| 17 | VIII-1032B | ശ്രീകല.എൻ.എസ്, ശ്രീനിലയം | 1500+270 |
| 18 | VIII-1032C | പ്രസിഡന്റ് കേരള സ്റ്റേറ്റ് സർവീസ് പെൻഷൻ യൂണിറ്റ് | 525+95 |
| 19 | VIII-1032D | സന്തോഷ്, കൊളപ്പിള്ളിൽ | 500+90 |
| 20 | VIII-1022 | റെജി.പി.പി, പെരുന്തറയിൽ | 1220+220 |
| 21 | VIII-1024 | തമ്പി, പയ്യാമ്പലത്ത് | 2375+428 |

വാടകക്കരാർ സൂക്ഷിക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/15.03.21) രേഖകൾ റെക്കോർഡ് റൂമിലേക്കം മറ്റും മാറ്റുന്നതിന്റെ ഭാഗമായി ഫയലുകൾ കൈകാര്യം ചെയ്തപ്പോൾ കരാറുമായി ബന്ധപ്പെട്ട രേഖകൾ കാണാതായിട്ടുള്ളതാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ഫയലുകളിൽ വാടക സംബന്ധിച്ച കരാറുകൾ നിർബന്ധമായും സൂക്ഷിക്കേണ്ടതും ആയത് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയതിലെ -അപാകതകൾ

വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിലെ 2019- 2020 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി കുറവായി ഈടാക്കിയിരിക്കുന്നു.

വിശദവിവരങ്ങൾ ഭാഗം 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-13-1 സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിലെ 2019-2020 സമ്പത്തിക വർഷത്തെ സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

1) സ്ഥാപനതൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത കാലയളവ് (19-20) |
|---|---|---|
| 1 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ സർക്കിൾ | രണ്ടാം അർദ്ധവർഷം |
| 2 | ബി.ഡി.ഡി.പി | ഒന്ന്,രണ്ട് അർദ്ധവർഷം |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ് ലി മിറ്റഡ്,പുത്തൻകുരിശ് | ഒന്നാം അർദ്ധവർഷം |

| | | |
|---|---|---|
| 4 | ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ് | രണ്ടാം അർദ്ധവർഷം |
| 5 | എൻജിനേഴ്സ് ഇൻഡ്യ പ്രൈ ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 6 | ദ എറണാകുളം ഡിസ്ട്രിക് കോഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | ഒന്ന്,രണ്ട് അർദ്ധവർഷം |
| 7 | ക്യൂ വെയർ സോഫ്റ്റ് സിസ്റ്റംസ് | ഒന്ന്,രണ്ട് അർദ്ധവർഷം |
| 8 | ഇ-കോം എക്സ് പ്രെസ് | രണ്ടാം അർദ്ധവർഷം |
| 9 | ജീനിയസ് കൺസൾട്ടൻസ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 10 | ടൂഹാറ്റ്സ് ലോജിക് സൊലൂഷൻ പ്രൈ ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 11 | യെം യെം കൺസ്ട്രക്ഷൻസ് | ഒന്ന്,രണ്ട് അർദ്ധവർഷം |
| 12 | വൈറ്റ് റാബിറ്റ് ലാബ്സ് പ്രൈ ലിമിറ്റഡ് | ഒന്ന്,രണ്ട് അർദ്ധവർഷം |
| 13 | ഫാക്ട് റെഫ.ബിൽഡിംഗ് പ്രൊഡറ്റ്സ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 14 | ബി.പി.സി.എൽ കൊക്കോ ഔട്ട്ലെറ്റ്, അമ്പലമുകൾ | ഒന്നാം അർദ്ധവർഷം |

2) ജീവനക്കാരുടെ തൊഴിൽനികുതി

| ക്രമ നം | സ്ഥാപനത്തിന്റെപേര് | ഈടാക്കാത്ത കാലയളവ് (19-20) |
|---|---|---|
| 1 | ഡോൺ ഇന്റർനാഷണൽ സ്കൂൾ | രണ്ടാം അർദ്ധവർഷം |
| 2 | യെം യെം കൺസ്ട്രക്ഷൻസ് | രണ്ടാം അർദ്ധവർഷം |
| 3 | ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽ ലിമിറ്റഡ്,അമ്പലമുകൾ | രണ്ടാം അർദ്ധവർഷം |
| 4 | ഫാത്തിമ എൻജിനീയറിംഗ് കമ്പനി പ്രൈ ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം |
| 5 | ഫാക്ട് റെഫ.ബിൽഡിംഗ് പ്രൊഡറ്റ്സ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 6 | പഹർപൂർ കൂളിംഗ് ടവേഴ്സ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |

മേൽ പരാമർശങ്ങൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 22/15.03.21) കുറവായി അടവാക്കിയ തുക ഉടൻ അടക്കുവാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് നൽകിയത്. മേൽ സ്ഥാപനങ്ങളിലെ സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13-2 തൊഴിൽ നികുതി അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിലെ 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഫാക്ട് കൊച്ചി, കോട്ട് സോഫ്റ്റ് വെയർ സിസ്റ്റംസ് എന്നീ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയുടെ സ്ലാബിൽ ഇല്ലാത്ത തുകയാണ് ഈടാക്കിയിരിക്കുന്നത്.

2) ബി.പി.സി.എൽ എംപ്ലോയീസ് കോപ്പറേറ്റീവ് ലിമിറ്റഡ്, ഫിലിപ്സ് കാർബൺ ബ്ലാക്ക് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2019-2020 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്ന അർദ്ധവാർഷിക പത്രികയിൽ ജീവനക്കാരുടെ വരുമാനം സംബന്ധിച്ച

വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

3) ബി.പി.സി.എൽ, കൊച്ചി റിഫൈനറി, അമ്പലമുകൾ എന്ന സ്ഥാപനത്തിൽ നിന്നും 2019-2020 ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നതിൽ ചേർത്ത ചില ജീവനക്കാരിൽ നിന്നും രണ്ടു തവണ നികുതി ഈടാക്കിയിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തുക | രസീത് നം /തീയതി |
|---|---|---|---|---|
| 2179 | ബിബിൻഷാദ് എ.എ | 208633.42 | 1250/- | 2892360/11902050069/29.8.19 |
| 2180 | ബിബിൻഷാദ് എ.എ | 42367.00 | 300/- | |
| 2181 | രാജ്കുമാർ | 262798.49 | 1250/- | |
| 2182 | രാജ്കുമാർ | 41294.00 | 300/- | |
| 2183 | എസ്.കെ തൗസിഫ് അഹമ്മദ് | 231185.56 | 1250/- | |
| 2184 | എസ്.കെ തൗസിഫ് അഹമ്മദ് | 43629.00 | 300/- | |
| 2201 | മിഥുൻ എ.വി | 213629.54 | 1250/- | |
| 2202 | മിഥുൻ എ.വി | 51271.09 | 300/- | |
| 2247 | അജേഷ് .ഇ | 238744.76 | 1250/- | |
| 2248 | അജേഷ് .ഇ | 57298.74 | 300/- | |

ക്രമ നം. 2179 മുതൽ 2356 വരെയുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ഇപ്രകാരമാണ് ഈടാക്കിയിരിക്കുന്നത്. നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ടെണ്ടർ കുറവ് തുക ബില്ലിൽ കുറച്ചില്ല

ജെ ബി എസ് കുറ്റ മെയിന്റനൻസ് – ഭോജനശാല നിർമ്മാണം എന്ന പ്രവൃത്തിയുടെ ഫൈനൽ ബിൽ 27.09.19 ലെ ട്രഷറി ബിൽ നമ്പർ 22/19-20 മുഖേന കരാറുകാരന് 4.3% ടെണ്ടർ വ്യതിയാനമായ 13,920/- രൂപ കുറയ്ക്കാതെയാണ് നൽകിയത്. ആയതിനാൽ ഈ പ്രവൃത്തിയിൽ മെയിന്റനൻസ് ഫണ്ടിൽ നിന്നും 13,920/- രൂപ കരാറുകാരന് അധികം നൽകാൻ ഇടയായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ ഭാഗം 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-15 ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ കരാറുകാർക്ക് അധിക തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ജി.എസ്.ടി ചട്ടങ്ങൾ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളായ റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ, കൾവർട്ടുകൾ തുടങ്ങിയവയുടെ DSR പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കുകൾ വിശകലനം ചെയ്തിട്ടുള്ളതിനാൽ ആയതിന്റെ നെറ്റ് ജി.എസ്.ടി. കോമ്പൻസേഷൻ മേൽ പരാമർശിച്ച സർക്കാർ ഉത്തരവിൽ Additional Tax Burden On Works

Awarded At Pre GST Tax Rates എന്ന ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പട്ടിക പ്രകാരമുള്ള Extra Tax Burden Under GST അനുവദിക്കാവുന്നതാണ്. മരാമത്ത് പ്രവൃത്തികളുടെ ബില്ല് തയ്യാറാക്കുമ്പോൾ Tender Excess/Deduction വരുത്തിയതിനുശേഷമുള്ള Net Amount-ന്റെ കൂടെ പട്ടിക പ്രകാരമുള്ള ജി.എസ്.ടി. കോമ്പൻസേഷൻ ശതമാന കണക്കിൽ അധികമായി കൂട്ടി നൽകാവുന്നതാണ്. പട്ടിക പ്രകാരം Masonry Building (New And Maintanance) പ്രവൃത്തികൾക്ക് അനുവദനീയമായ ജി.എസ്.ടി. കോമ്പൻസേഷൻ 5 ശതമാനവും Bituminous Topping Road Work (Bitumen Contractor Supply) പ്രവൃത്തികൾക്ക് അനുവദനീയമായ ജി.എസ്.ടി കോമ്പൻസേഷൻ 3 ശതമാനവും ആണ്. ഈ ഉത്തരവ് പ്രകാരം സിമന്റ് കോൺക്രീറ്റ് റോഡുകൾ ഉൾപ്പെടുന്ന സിമന്റ് കോൺക്രീറ്റ് പ്രവൃത്തികൾക്കുള്ള Extra Tax Burden '0' ആണ്.

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.11.2017 ലെ ഡിബി3/9058/17/സിഇ/തസ്വഭവ നമ്പർ സർക്കുലറിൽ അനുബന്ധം-1 ആയി ഉൾപ്പെടുത്തിയ പട്ടിക (01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിൽ Additional Tax Burden On Works Awarded At Pre GST Tax Rates എന്ന ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പട്ടിക പ്രകാരമുള്ള ജി.എസ്.ടി നഷ്ടപരിഹാരം അനുവദിക്കേണ്ടതാണ് എന്ന് സ്പഷ്ടീകരണവും നൽകിയിട്ടുണ്ട്.

എന്നാൽ ഗ്രാമ പഞ്ചായത്ത് തൻവർഷം നിർവഹണം നടത്തിയ ചില (റോഡ് കട്ടവിരിയ്ക്കൽ, കോൺക്രീറ്റിംഗ്) പ്രവൃത്തികൾക്ക് നെറ്റ് ബിൽ തുകയുടെ കൂടെ 12% ജി.എസ്.ടി കോമ്പൻസേഷനും കൂട്ടി കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. ചുവടെ പറയുന്ന പ്രവൃത്തികളിൽ സർക്കാർ നിശ്ചയിച്ചതിലും കൂടിയ നിരക്കിൽ കരാറുകാർക്ക് ജി.എസ്.ടി നഷ്ടപരിഹാരം അനുവദിച്ചതിനാൽ 1,85,285/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം ഭാഗം 3-2ൽ ചേർത്തിട്ടുണ്ട്.

<u>1-16 ആദായ നികുതി ബില്ലിൽ കുറച്ചതിലെ അപാകത സംബന്ധിച്ച്</u>

| | |
|---|---|
| പ്രോജക്റ്റ് | 84-ാം നമ്പർ അങ്കണവാടി നിർമ്മാണം ,242/20 |
| കരാറുകാരൻ | എസ് കെ കൺസ്ട്രക്ഷൻസ് |
| എഗ്രിമെന്റ് | 52/AE/LSGD/PTZ/17-18 Dated 26.12.2017 |
| അടങ്കൽ | 2500000 |
| ചെലവ് വിവരം | ഡി.ഡി.നമ്പർ 843965/31.12.2019<br>തുക 378817/- |
| അളവ് പുസ്തകം | 87/16-17,107/16-17,69/17-18 |

മേൽ പ്രവൃത്തിയിൽ കരാറുകാരന് തുക നൽകിയതിൽ അപാകതയുണ്ട്. ബിൽ തുക നൽകിയപ്പോൾ ആദായ നികുതിയിനത്തിൽ 2% കിഴിയ്ക്കേണ്ടതിന് പകരം 1% തുകയാണ് കിഴിവ് വരുത്തിയത്. ആയതിനാൽ കരാറുകാരന് അധിക തുക നൽകാനിടയായിട്ടുണ്ട്. തുക നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---:|
| കരാറുകാരന് നൽകിയ തുക | 378817 |
| ആദായ നികുതിയിനത്തിൽ കുറച്ച തുക | 3788 |
| ആദായ നികുതിയിനത്തിൽ കുറയ്ക്കേണ്ട തുക | 7576 |
| കുറവ് | 3788 |

മേൽ അപാകതയ്ക്ക് കാരണം വിശദീകരിക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31/17.03.21) മറുപടി ലഭിച്ചില്ല. ആദായ നികുതിയിനത്തിൽ കരാറുകാരന് അധികമായി നൽകിയ 3788/-രൂപ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-17 ഐ.കെ.എം വിഹിതം നൽകൽ

| | |
|---|---|
| പ്രോജക്ട് നം | എസ്-07/2020 |
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം വിഹിതം |
| ചെലവ് | 87343/- ( വികസന ഫണ്ട് ജനറൽ) |
| ബിൽ നം/ തീയതി | 6/19-20,18.09.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഐ.കെ.എം ന് തുക കൈമാറുന്നതിന് പദ്ധതി തയ്യാറാക്കുകയും തുക നൽകുകയും ചെയ്തിട്ടുണ്ട്. തുക നൽകിയതിന്റെ വിനിയോഗ വിവരം വാങ്ങി സൂക്ഷിച്ചിട്ടില്ല. ആയത് ലഭിച്ചിട്ടുണ്ടെങ്കിൽ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.10/21,തീയതി 10.03.21) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ആയത് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് മുൻപാകെ ഹാജരാക്കേണ്ടതാണ്.

## 1-18 പഠനമുറി നിർമ്മാണം (എസ്.സി)-അപാകതകൾ

| | |
|---|---|
| പ്രോജക്ട് | പഠനമുറി നിർമ്മാണം എസ് സി, 04/2020 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവ് വിവരം,ബിൽ നമ്പർ തീയതി തുക | 1)09/19-20,13.08.2019-50000<br>2)14/19-20,18.09.2019-50000<br>3)21/19-20,11.10.2019-50000<br>4)28/19-20,16.12.2019-50000<br>---------<br>200000 |

കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വിലാസം | നൽകിയ ധനസഹായം |
|---|---|---|
| കിരൺ ക്രിസ്തുദാസ് | ഉദിനാൽ കരോട്ട്,കഴിക്കാട് | 50000 |
| അമൽ വി സന്തോഷ് | വെള്ളമനക്കുഴിക്കാട്ട്, കരിമുകൾ | 50000 |
| ആകാശ് ശിവൻ | കൊറ്റംകാവിൽ, പുത്തൻകുരിശ് | 50000 |
| വാസുദേവ് മനോജ് | കല്ലുംപാട്ട്,പുത്തൻകുരിശ് | 50000 |

മേൽ പ്രോജക്ടിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

16 ഗുണഭോക്താക്കളാണ് മേൽ പ്രോജക്ടിൽ ഉൾപ്പെട്ടിരുന്നത്. സർക്കാർ ഉത്തരവ്(സാധാ) 2636/2018/ത.സ്വ.ഭ.വ തീയതി 15.10.2018 പ്രകാരം പഠനമുറിയുടെ തറവിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി 120 ചതുരശ്ര അടിയാണ്. നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പെർമിറ്റ് ഹാജരാക്കിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിച്ചുവെങ്കിൽ കെട്ടിടം റീ അസസ്സ് ചെയ്ത് വസ്തു നികുതി പുനർ നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ആയതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/21 തീയതി.10.03.21) ലഭിച്ച മറുപടിയിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും, കെട്ടിടങ്ങൾ റീ അസസ്സ് ചെയ്ത് വസ്തു നികുതി പുനർ നിർണ്ണയിക്കുന്നതാണെന്നും അറിയിച്ചു. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 പൈപ്പ് ലൈൻ നീട്ടൽ- പൂർത്തീകരണ/വിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 361/20 |
| ചെലവ് വിവരം(തുക,ചെക്ക് നം/തീയതി | 280000/-, 088083/10.02.2020 |

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണം നടത്തിയ വെണ്ണിത്തടം മേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്ന പ്രവർത്തിയ്ക്കായി കേരളാ വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

കേരളാ വാട്ടർ അതോറിറ്റിയുമായി ഗ്രാമപഞ്ചായത്ത് ചമച്ച കരാർ പ്രകാരം മേൽ പ്രവൃത്തി 2020ൽ പൂർത്തീകരിക്കേണ്ടതും, പണി പൂർത്തിയാക്കി രണ്ടാഴ്ചക്കുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പും പെർഫോർമൻസ് റിപ്പോർട്ടും, പൂർത്തീകരണ സർട്ടിഫിക്കറ്റും കേരളാ വാട്ടർ അതോറിറ്റി ഗ്രാമ പഞ്ചായത്തിന് നൽകേണ്ടതുമായിരുന്നു. എന്നാൽ കരാർ പ്രകാരം ലഭ്യമാവേണ്ട മേൽ പ്രവൃത്തികളുടെ പൂർത്തീകരണ/വിനിയോഗ വിവരം ഗ്രാമ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. ആയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.5/10.03.2021) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ പദ്ധതി എത്രയും വേഗം പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് മുൻപാകെ ഹാജരാക്കേണ്ടതാണ്.

## 1-20 തെരുവ് വിളക്ക് മെയിന്റനൻസ്- അപാകതകൾ

| | |
|---|---|
| പ്രോജക്ട് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്,220/20 |
| നിർവ്വഹണം | സെക്രട്ടറി |
| ചെലവ് വിവരം | 177669/-,ചെക്ക് നം.084070/25.07.2019 |

200 ട്യൂബ് ലൈറ്റ്, 325സി.എഫ്.എൽ. എന്നിവ സ്ഥാപിക്കാനുള്ള മേൽ പ്രൊജക്ടിനായി ടെണ്ടർ ചെയ്തതിൽ, ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത എക്കോമെറ്റ് സൊല്യൂഷൻസ്, പെരുമ്പാവൂരിന്റെ ടെണ്ടർ, പഞ്ചായത്ത് തീരുമാനം നമ്പർ 3(2)/29.01.2018 പ്രകാരം അംഗീകരിച്ചു. തുടർന്ന് 23.02.2019 ലെ EES/18-19/A-200 നമ്പർ ഇൻവോയ്സ് പ്രകാരം 22W സി എഫ് എൽ 325 എണ്ണം, OSRAM 11w ട്യൂബ് ലൈറ്റുകൾ 200 എണ്ണം എന്നിവ ലഭ്യമാക്കി ഇൻസ്റ്റാൾ ചെയ്തതിനാൽ മേൽ ബില്ല് പ്രകാരം പിൻവലിച്ച തുകയിൽ നിന്നും 177669/- രൂപ നൽകിയിട്ടുണ്ട്.

ഈ പ്രോജക്ടിന്റെ പരിശോധനയിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1. പൊതുമരാമത്തു വകുപ്പ് വൈദ്യുതി വിഭാഗത്തിലെ ക്ഷമതയുള്ള എഞ്ചിനീയറിൽ നിന്നും സി എഫ് എൽ സ്ഥാപിക്കുന്നതിനു വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കി, സാങ്കേതിക അനുമതി വാങ്ങിയ ശേഷമാണ് പ്രവൃത്തി ടെണ്ടർ ചെയ്യാവുന്നത്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ്, സാങ്കേതിക അനുമതി എന്നിവ ഫയലിൽ ലഭ്യമല്ല. പ്രവൃത്തിയുടെ സാങ്കേതിക ഗുണനിലവാരം ആരും സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

2. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത ലൈറ്റിന്റെയും ഫിറ്റിങ്ങുകളുടെയും ഗുണ നിലവാരം ക്ഷമതയുള്ള എഞ്ചിനീയർ പരിശോധിക്കാതെ വില മാത്രം അടിസ്ഥാനമാക്കിയാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. ഇത് മരാമത്ത് പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച ചട്ടങ്ങളുടെ ലംഘനമാണ്.

3. ഇലക്ട്രിക്ക് കോൺട്രാക്ട് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നൽകുന്ന ഇലക്ട്രിക്കൽ കോമ്പീറ്റൻസി സർട്ടിഫിക്കറ്റ് ആവശ്യമാണ്. തെരഞ്ഞെടുക്കപ്പെട്ട എക്കോമെറ്റ് സൊല്യൂഷൻസ്, പെരുമ്പാവൂർ എന്ന സ്ഥാപനം ഈ ലൈസൻസ് ഹാജരാക്കിയിട്ടില്ല.

4. സ്ഥാപിക്കേണ്ട വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. വാർഡ് അടിസ്ഥാനത്തിൽ വിവരശേഖരണം നടത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

5. സി എഫ് എൽ സ്ഥാപിച്ചതു സംബന്ധിച്ച് KSEB യുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

6. നികുതികളും, റീട്ടെൻഷനും കിഴിച്ച് 177669/- രൂപ കൈപ്പറ്റിയ സ്ഥാപനത്തിന്റെ രശീതി ലഭ്യമായിട്ടില്ല.

7. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

8. മെയിന്റനൻസിന്റെ ഭാഗമായി മാറ്റിയ ഉപകരണങ്ങൾ പഞ്ചായത്ത് അധികൃതരെ തിരികെ ഏൽപ്പിച്ചതിന് യാതൊരുവിധ രേഖകളും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

9. കരാറുകാരൻ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിലെ അസി.എഞ്ചിനീയറുടെ അംഗീകാരത്തോടെയാണോ റിപ്പയറിംഗ് നടത്തിയിട്ടുള്ളത് എന്ന കാര്യം വ്യക്തമല്ല.

10. സ്ഥാപിക്കുന്ന എല്ലാ വിളക്കുകളും പ്രവർത്തന സജ്ജമെന്ന് ഗ്രാമപഞ്ചായത്തിന് ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണോ കരാറുകാരന് തുക നൽകിയത് എന്ന കാര്യം വ്യക്തമല്ല.

11. എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടു കൂടിയ ഓട്ടോമാറ്റിക്ക് തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് ത.സ്വ.ഭ.വകുപ്പിന്റെ 12.03.2013 ലെ 65529/DC3/12 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 07.11.2017 ലെ 117/ഡി എ 3/17/ത.സ്വ.ഭ.വ ഉത്തരവിലെ നിബന്ധനകൾക്കും, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 15.09.2011 ലെ ഡി.എ3/2011 സർക്കുലറിലെ നിർദ്ദേശ പ്രകാരമുള്ള നിബന്ധനകൾക്കും വിധേയമായി നടപടികൾ സ്വീകരിക്കാതിരുന്നതാണ് ഇത്തരത്തിൽ അപാകതകൾ ഉണ്ടാകുന്നതിന് കാരണമായത്. പ്രോജക്ട് മോണിട്ടറിംഗ് നടത്തേണ്ട വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോ വർക്കിംഗ് ഗ്രൂപ്പോ ആയത് നിർവ്വഹിച്ചിട്ടില്ല.
മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.20/21തീയതി.12.03.21) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

<u>1-21 സെന്റേജ് ചാർജ് അധികം നൽകി</u>

| | |
|---|---|
| വൗച്ചർ നമ്പർ | 21900261/19.06.2021 |
| നൽകിയ തുക | 420000/-(നികുതികൾ ഉൾപ്പെടെ) |
| ചെക്ക് നമ്പർ | 843911/19.06.2019 |

ഗ്രാമപഞ്ചായത്തിലെ അമാസ് ജംഗ്ക്ഷൻ മുതൽ എച്ച് ഒ സി ജംഗ്ക്ഷൻ വരെ പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്നതിനായി വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 03.08.2018 ലെ പി.ടി.ഇസഡ്-1903/18-19 കത്ത് പ്രകാരം മേൽ തുക ഡെപ്പോസിറ്റ് ചെയ്തിരുന്നു. സെക്രട്ടറി നൽകിയ ഈ തുകയിൽ താഴെപറയുന്ന ന്യൂനത കാണുന്നു.
പി.ഡബ്ല്യു.ഡി മാന്വൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമായതിനാൽ എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജും 2.5% എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജായി ഈടാക്കാവുന്നതാണ്. എന്നാൽ പി.ഡബ്ല്യു.ഡി മാന്വൽ 1601.4 Deposit Works പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ

സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. ആയതിനാൽ 10% ആണ് സെന്റേജ് ചാർജായി നൽകാവുന്നത്. മേൽ പ്രോജക്ടിൽ താഴെപറയുന്നപ്രകാരം 12.5% സെന്റേജ് ചാർജ് നൽകിയിട്ടുണ്ട്. തൻമൂലം പഞ്ചായത്തിന് താഴെപറയും പ്രകാരം 9228/- രൂപ അധിക ചെലവുണ്ടായി.

| | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ |
|---|---|
| നികുതികൾ, മെറ്റീരിയൽ വില എന്നിവ ഒഴികെ വാട്ടർ അതോറിറ്റിയ്ക്ക് നൽകിയതുക | 369138.09 |
| നൽകിയ സെന്റേജ് ചാർജ്(12.5%) | 46142.00 |
| നൽകാവുന്നത്(10%) | 36914.00 |
| അധികം നൽകിയത് | 9228.00 |

9228/-രൂപ വാട്ടർ അതോറിറ്റിയ്ക്ക് അധികം നൽകാനിടയായ സാഹചര്യം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.16/21തീയതി.11.03.21) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. അധികമായി നൽകിയ തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ, അടുത്ത ഡെപ്പോസിറ്റ് പ്രവൃത്തിയിൽ ക്രമീകരിക്കുന്നതിനായി ആവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്.

## <u>1-22 അഗതി രഹിത കേരളം പദ്ധതി-അപാകതകൾ</u>

നിരാലംബരും നിരാശ്രയരുമായ അഗതികളെ സംരക്ഷിക്കാൻ നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ തുടർസേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെ കണ്ടെത്തി ഒരു ഏകീകൃത പദ്ധതിയെന്ന നിലയിൽ അഗതിരഹിതകേരളം പദ്ധതി ആരംഭിക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് സ.ഉ(എം.എസ്) 252/2017 ത.സ്വ.ഭ.വ 12.12.2017 പ്രകാരം പുറപ്പെടുവിച്ചിരുന്നു. അഗതി ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി സി.ഡി.എസിന്റെ അക്കൗണ്ടിലേക്ക് 2019-20 വർഷം പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്ന് അനുവദിച്ച 1,00,000/- രൂപ അഗതി രഹിത കേരളം പദ്ധതിയുടെ ഒരു ഗുണഭോക്താവിന് വീട് അറ്റകുറ്റപ്പണിയ്ക്കായി നൽകിയിട്ടുണ്ട്. ചലഞ്ച് ഫണ്ടുൾപ്പടെ 31.03.2020 ൽ സി.ഡി.എസ്. അക്കൗണ്ടിൽ 4,77,614/-രൂപ ശേഷിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ചലഞ്ച് ഫണ്ട് | 504078 |
| പലിശ | 43903 |
| ആകെ | 477614 |

ആശ്രയ പദ്ധതിയിൽ നാളിതുവരെ ഉൾപ്പെടാത്തവരും അർഹതയുള്ളവരുമായവരെ കണ്ടെത്തുവാൻ ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും പ്രത്യേകം ബാധകമായതും കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ളതുമായ ക്ലേശഘടകങ്ങളുടെ വിശദാംശങ്ങൾ മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്നുണ്ട്. ആകെ അടങ്കൽ തുകയുടെ 10% ജില്ലാപഞ്ചായത്ത് 15% ബ്ലോക്ക് പഞ്ചായത്ത് ക്രമത്തിൽ സമാഹരിക്കുകയും 35% ഗ്രാമപഞ്ചായത്തും 40% ചലഞ്ച് ഫണ്ടും വകയിരുത്തിയുമാണ് അഗതിരഹിതകേരളം പദ്ധതി രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിച്ച അന്തിമ ഗുണഭോക്തൃ പട്ടിക അടിസ്ഥാനമാക്കി സി ഡി എസ് അഗതിരഹിതകേരളം

പദ്ധതി ഓൺലൈനായി തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കാനാണ് നിർദ്ദേശം.

ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി വികസനഫണ്ടിൽ നിന്നും ചെക്ക് നമ്പർ 090604/20.03.2020 പ്രകാരം ആശ്രയ പദ്ധതിയുടെ അക്കൗണ്ടിലേക്ക് 504078/-രൂപ ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കാനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന അഗതി രഹിത കേരളം പദ്ധതിയിൽ 91 കുടുംബങ്ങളുടെ സേവനത്തിനായി 1.17 കോടിയുടെ പ്രവർത്തനങ്ങളാണ് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്നത്. പദ്ധതി അടങ്കലനുസരിച്ച് കുടുംബശ്രീയിലൂടെ പദ്ധതിക്കായി ലഭ്യമാക്കുന്ന ചാലഞ്ച്ഫണ്ട് വിഹിതം 33,35,782/- രൂപയാണ്. മുൻആശ്രയ പദ്ധതിയിൽ അനുവദിച്ച ചലഞ്ച്ഫണ്ടിൽ 2,14,770/- രൂപ ബാക്കിയുണ്ടായിരുന്നു.

പദ്ധതിയിൽ 2019-20 വർഷത്തിൽ ഭക്ഷണ കിറ്റ് വിതരണം, സ്ഥലം വാങ്ങൽ, ഭവനനിർമ്മാണം, റിപ്പയർ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി വിവിധ സ്രോതസ്സുകളിൽ നിന്നായി 3335782/- രൂപ വകയിരുത്തിയതിൽ 478473/- രൂപ മാത്രമാണ് ചെലവുണ്ടായത്.

അഗതി കേരളം പദ്ധതിയിൽ വീടും സ്ഥലവുമില്ലാത്ത 14 ഗുണഭോക്തൃ കുടുംബങ്ങളും വീടില്ലാത്ത 12 കുടുംബങ്ങളും ഉൾപ്പെടുന്നുണ്ട്. പദ്ധതിയിൽ ഭൂരഹിതരായ 2 കുടുംബങ്ങൾക്ക് ഭൂമി വാങ്ങാനായി 4.5 ലക്ഷവും ഭവനരഹിതരായ 12 കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് 4 ലക്ഷവും വകയിരുത്തിയിട്ടുണ്ട്.

അഗതികേരളം പദ്ധതി പ്രവർത്തനം തുടങ്ങിയ ശേഷം വിലയിരുത്തൽ സമിതി രണ്ട് തവണയാണ് യോഗം ചേർന്നിട്ടുള്ളത്. രണ്ടു മാസത്തിലൊരിക്കൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പദ്ധതി വിലയിരുത്തൽ റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കാൻ നിർദ്ദേശമുള്ളതാണ്. പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്ത് ലക്ഷ്യമിട്ട നേട്ടങ്ങൾ സമയബന്ധിതമായി കൈവരിക്കാൻ നിലവിലെ പ്രവർത്തനം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. പദ്ധതി പ്രവർത്തനത്തിന് വിവിധ സ്രോതസ്സുകളിലൂടെ ശേഖരിക്കേണ്ട ഫണ്ട് കണ്ടെത്താനും പ്രധാന വെല്ലുവിളിയായി മുമ്പിലുള്ള ഭൂരഹിത ഭവന രഹിതരായ കുടുംബങ്ങളെ പുനരധിവസിപ്പിക്കാനും പദ്ധതി നടത്തിപ്പിന്റെ പ്രവർത്തനം നിരന്തരം വിലയിരുത്താനും ഭരണ സമിതിയുടെ കാര്യക്ഷമമായ ഇടപെടൽ അനിവാര്യമാണ്.

ചലഞ്ച് ഫണ്ട് ഉപയോഗിച്ച് 91 ഗുണഭോക്താക്കൾക്കായി പോഷകാഹാര വിതരണം, മെഡിക്കൽക്യാമ്പ് എന്നീ പദ്ധതികൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. അർഹരായ പുതിയ ഗുണഭോക്താക്കളെ കണ്ടെത്തുകയും അഗതി ഗുണഭോക്താക്കളിൽ ഭവനരഹിതരായിട്ടുള്ളവർക്ക് ലൈഫ് ഭവനപദ്ധതിയിൽ സി.ഡി.എസ് വഴി അപേക്ഷ സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഉപസമിതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് പഞ്ചായത്ത് ഭരണസമിതിയിൽ വെച്ച് പദ്ധതി പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്.

## 1-23 പേവിഷ നിർമാർജ്ജന ക്യാംപ് -വാക്സിനേഷനായി ഡോഗ് ലൈസൻസ് നിർബന്ധമാക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0039/20 |
| പ്രൊജക്ടിന്റെ പേര് | പേവിഷ നിർമാർജനം |
| നിർവ്വഹണോദ്യോഗസ്ഥ | വെറ്ററിനറി സർജൻ,ഗവ.മൃഗാശുപത്രി |
| അടങ്കൽ | 15000/-(തനതു ഫണ്ട്) |
| ചെലവ് | 12200/-(ചെക്ക് നമ്പർ 090602/20.3.20) |

പഞ്ചായത്ത് പരിധിയിലെ വളർത്തു നായ്ക്കൾക്ക് പേ വിഷ ബാധയ്ക്കെതിരെ സൗജന്യ നിരക്കിൽ വാക്സിനേഷൻ നൽകുന്നതിനായി 2019 നവംബർ 12 മുതൽ 15 വരെയുള്ള തീയതികളിൽ വിവിധ സ്ഥലങ്ങളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായി നോട്ടീസ്, ഫ്ലക്സ് എന്നിവ അടിച്ചതിനും മൈക്ക് അനൗൺസ്മെന്റ്, ഓട്ടോ ചാർജ് എന്നിവയ്ക്കും മേൽപ്പറഞ്ഞ പ്രകാരം തുക തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചു.

ക്യാംപിൽ 126 നായ്ക്കൾക്ക് വാക്സിനേഷൻ എടുക്കുകയും ഒരു നായ്ക്ക് 15/-രൂപ വീതം വാക്സിനേഷൻ ചാർജ് ഈടാക്കുകയും തുക മൃഗസംരക്ഷണ വകുപ്പിൽ അടവാക്കുകയും ചെയ്തു. വാക്സിനും സിറിഞ്ചും മൃഗസംരക്ഷണ വകുപ്പിൽ നിന്നാണ് ലഭ്യമാക്കിയത്. വാക്സിനേഷൻ സർട്ടിഫിക്കറ്റിൽ വർഷം തോറും വാക്സിനേഷൻ നിർബന്ധമായും നൽകേണ്ടതാണെന്നും സർട്ടിഫിക്കറ്റ് പഞ്ചായത്തിൽ ഹാജരാക്കി ലൈസൻസ് കൈപ്പറ്റേണ്ടതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തെ അക്കൗണ്ട്സ് പ്രകാരം 310/-രൂപ മാത്രമാണ് വളർത്തു നായ്ക്കൾക്കും പന്നികൾക്കും ഉള്ള ലൈസൻസ് ഫീസ് എന്ന ശീർഷകത്തിൽ പഞ്ചായത്ത് ഫണ്ടിൽ വരവു വന്നിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും നായ്ക്കൾക്കുമുള്ള ലൈസൻസ്)ചട്ടങ്ങൾ, 1998 ലെ ചട്ടം3, 4.1,4.6 എന്നിവ പ്രകാരം ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പ്രദേശത്ത് നായ്ക്കളെ വളർത്താൻ പാടില്ലാത്തതാണ്. വളർത്തു നായ്ക്കൾക്ക് നിർബന്ധമായും പത്ത് രൂപ ഫീസ് നല്കി പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതും ഓരോ സാമ്പത്തിക വർഷത്തിലും ലൈസൻസ് പുതുക്കേണ്ടതുമാണ്. വാക്സിനേഷന് നായ്ക്കളെ വിധേയരാക്കുന്നതിനു പഞ്ചായത്തിൽ നിന്നും തൊട്ടു മുൻ വർഷം ലഭിച്ച ലൈസൻസ് നിർബന്ധമാക്കുകയാണെങ്കിൽ പഞ്ചായത്ത് പരിധിയിൽ എല്ലാ വളർത്തു നായ്ക്കൾക്കും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ സാധിക്കും. മേൽ വിഷയം സംബന്ധിച്ച് 09.3.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 10.3.2021 ൽ മറുപടി ഹാജരാക്കി. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ഇ-ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിച്ചില്ല.

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ Online Transaction വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി Zero Balance Account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യുന്നത്. വടവ്കോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് 2019-20 ൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിവരങ്ങളും, ലഭിച്ച ടെണ്ടർ ഫീ, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ട്രാൻസ്ഫർ ചെയ്തിട്ടുള്ള തുകയുടെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എൻഞ്ചിനീയർ നൽകിയ മറുപടിയിൽ വിവിധ പദ്ധതികൾക്കായി തൻവ്രഷം 1,43,117/- രൂപ ഇ-ടെണ്ടർ ഫീയായി ലഭിക്കാനുള്ളതായി അറിയിച്ചിട്ടുണ്ട്.
മുൻവർഷങ്ങളിലേതുൾപ്പെടെ ഇ-ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന് ലഭിക്കാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

## 1-25 ലൈഫ് പദ്ധതി-സ്ഥലം വാങ്ങൽ തുടർ നടപടികളുടെ വിവരം സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് | ലൈഫ് പദ്ധതി 3-ാംഘട്ടം സ്ഥലം വാങ്ങൽ, 418/20,419/20 |
| നിർവ്വഹണം | വി.ഇ.ഒ, അമ്പലമേട് |
| ചെലവ് | 1)400000/-(ബിൽ നം.13/19-20,18.03.20) |

| | |
|---|---|
| വിവരം | 2)200000/-(ബിൽ നം.14/19-20,18.03.20)<br>3)200000/-(ബിൽ നം.50/19-20,18.03.20) |

ലൈഫ് ഭവന പദ്ധതി മൂന്നാം ഘട്ടത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ ഭൂരഹിതരും, ഭവനരഹിതരുമായ 6 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങി നൽകിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ നം. ഡി.ബി.1/304/2019 തീയതി 26.09.2019 ലെ ഉത്തരവ് പ്രകാരം പൊതു വിഭാഗത്തിൽപ്പെട്ടവർക്ക് 3 സെന്റിൽ കുറയാത്ത അളവിൽ ഭൂമി വാങ്ങുന്നതിന് പരമാവധി തുകയായി നിജപ്പെടുത്തിയിട്ടുള്ളത് 2 ലക്ഷം രൂപയാണ്. അതനുസരിച്ച് രണ്ട് ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിലും, ബാക്കി 4 പേർ മഴവന്നൂർ ഗ്രാമപഞ്ചായത്തിലെ ശ്രീ പത്രോസ്.കെ.പി, കളപ്പുരയ്ക്കൽ, ഐരാപുരം എന്ന വ്യക്തിയിൽ നിന്നുമാണ് (സർവ്വേ നമ്പർ 308/14-4, 308/14-5, 308/14-6, 308/14-7) 3 സെന്റ് വീതം സ്ഥലം വാങ്ങിയിട്ടുള്ളത്. ആയവരുടെ പേര് വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വിലാസം |
|---|---|---|
| 1 | ശ്രീമതി സന്തോഷി കെ എൻ | കിഴക്കേക്കുടി, അമ്പലമേട് |
| 2 | ശ്രീ ജോളി ജോസഫ് &ട്രീസ ജോളി | വലിയവീട്ടിൽ പറമ്പിൽ, വേളൂർ, പുത്തൻകുരിശ് |
| 3 | ശ്രീ സത്യൻ എം | മണിവിലാസം, വടവ്കോട് |
| 4 | ശ്രീമതി രേഷ്മ പ്രദീപൻ | വയലാറ്റിൽ, കരിമുകൾ |

മഴവന്നൂർ ഗ്രാമപഞ്ചായത്തിൽ സ്ഥലം വാങ്ങിയിട്ടുള്ള മേൽ ഗുണഭോക്താക്കൾക്ക് ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ആനുകൂല്യം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.25/15.03.21) ലഭിച്ച മറുപടിയിൽ ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ആനുകൂല്യം ലഭിക്കുന്നതിനായി മേൽ ഗുണഭോക്താക്കളെ മഴവന്നൂർ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതായും അവർക്ക് ആനുകൂല്യം ലഭിക്കുന്നതാണെന്നും അറിയിച്ചു. ഈ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചുവെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പു വരുത്തേണ്ടതാണ്.

### 1-26 ക്ഷീരകർഷകർക്ക് പാൽ സബ്സിഡി-ചെലവു രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 40/2020 |
| പ്രൊജക്ടിന്റെ പേര് | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി |
| നിർവ്വഹണോദ്യോഗസ്ഥ | ഡയറി ഫാം ഇൻസ്പെക്ടർ |
| അടങ്കൽ | 4,00,000(പൊതു വിഭാഗം വികസന ഫണ്ട്) |
| ചെലവ് | 49,040/- |
| ബിൽ നമ്പരും തീയതിയും | 2/19-20/06.3.20/22316/- |
| | 3/19-20/06.3.20/9200/- |
| | 4/19-20/06.3.20/5064/- |
| | 5/19-20/24.3.20/12460/- |

പദ്ധതി പ്രകാരം പഞ്ചായത്തിന്റെ പരിധിയിലുള്ള 5ക്ഷീര സംഘങ്ങളിൽ രജിസ്റ്റർ ചെയ്ത ക്ഷീര കർഷകർ സംഘത്തിൽ നൽകുന്ന ഓരോ ലിറ്റർ പാലിനും 4/-രൂപ വീതം സബ്സിഡി

വികസന ഫണ്ടിൽ നിന്നും അനുവദിക്കുന്നു. ട്രഷറി ബില്ലുകൾ, ട്രഷറി ബിൽ ബുക്ക് എന്നിവയും എതാനും ക്ഷീര സംഘങ്ങളിൽ നിന്നുമുള്ള ചില മാസങ്ങളിലെ പാലളവ് സ്റ്റേറ്റ്മെന്റുകളും മാത്രമേ നിർവ്വഹണോദ്യോഗസ്ഥ പരിശോധനയ്ക്ക് ഹാജരാക്കിയുള്ളൂ. വിവിധ വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡി തുക ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ടെങ്കിലും അവർ ഏതൊക്കെ ക്ഷീരസംഘങ്ങളിൽ ഉൾപ്പെട്ടവരാണെന്നുംഏതെല്ലാം മാസങ്ങളിലെ സബ്സിഡി ആണ് അനുവദിച്ചതെന്നും വ്യക്തമല്ല. പൂർണമായ ചെലവു രേഖകൾ ഓഡിറ്റിനു ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവു രേഖകൾ ഹാജരാക്കാത്തതിനാൽ 49,040/-രൂപ തടസപ്പെടുത്തുന്നു.

## 1-27 കാലിത്തൊഴുത്ത് നവീകരണം- ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | S 0043 /20 |
| പ്രൊജക്ടിന്റെ പേര് | വനിതകൾക്ക് കാലിത്തൊഴുത്ത് നവീകരണം |
| നിർവ്വഹണോദ്യോഗസ്ഥ | വെറ്ററിനറി സർജൻ,ഗവ.മൃഗാശുപത്രി |
| അടങ്കൽ | 8,00,000/-(പൊതുവിഭാഗം വികസന ഫണ്ട് ) |
| ചെലവ് | 8,00,000/- |

കാലിത്തൊഴുത്ത് നവീകരണം എന്ന പ്രൊജക്ട് പ്രകാരം 33 വ്യക്തികൾക്ക് ആനുകൂല്യം നൽകുന്നതിനായി പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും 8,00,000/- രൂപ ചെലവഴിച്ചു. പരമാവധി സബ്സിഡി തുക പൊതുവിഭാഗത്തിന് 25,000/-രൂപയാണ്.

പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ, പഞ്ചായത്ത് കമ്മറ്റിയുടെ 28.02.2019 ലെ യോഗ തീരുമാനം നമ്പർ 2 പ്രകാരം അംഗീകരിച്ചതും സകർമ്മയിൽ അപ് ലോഡ്ചെയ്തതുമായ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത മേരി മത്തായി, ചാലവന എന്ന വ്യക്തിക്ക് (വാർഡ്-13) 25,000/- രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്(ട്രഷറി ബിൽ നമ്പർ-2/19-20/25.10.19). 28.02.2019 ലെ തീരുമാനം നമ്പർ 2 പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സാറാമ്മ മത്തായിയുടെ പേര് ഒഴിവാക്കി മേരി മത്തായിയെ ക്രമ നമ്പർ 12 ആയി ഉൾപ്പെടുത്തി 28.02.2019 ലെ യോഗ തീരുമാനം നമ്പർ 2 പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് എന്ന പേരിൽ ക്രമനമ്പർ വ്യത്യസ്തമായ മറ്റൊരു ഗുണഭോക്തൃ ലിസ്റ്റ് സെക്രട്ടറി ഒപ്പിട്ടു നൽകിയതും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പേരിൽ തിരുത്തൽ വരുത്തിയ ഈ ഗുണഭോക്തൃലിസ്റ്റിനെ ആധാരമാക്കിയാണ് മേരി മത്തായിക്ക് ആനുകൂല്യം നൽകിയത്.

തെറ്റായ ഗുണഭോക്തൃലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നൽകിയ ആനുകൂല്യം ആയതിനാൽ 25,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദ വിവരം ഈ റിപ്പോർട്ടിൽ ഖണ്ഡിക 3-3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-28 നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | കുഴിക്കാട്-വരിക്കോലി റോഡ് നവീകരണം, 316/20 |
| കരാറുകാരൻ | ഡീൻസ് കൺസ്ട്രക്ഷൻസ് |
| എഗ്രിമെന്റ് | 44/AE/LSGD/PTZ/19-20 Dated 08.05.2019 |
| അടങ്കൽ | 47500000 |
| ചെലവ് വിവരം | ചെക്ക് നമ്പർ<br>1)854411/27.02.20 |

| | |
|---|---|
| | തുക 4900000/-<br>2)854412/27.02.20<br>തുക 4742500/-<br>3)854413/27.02.20<br>തുക 507500/- |
| അളവ് പുസ്തകം | 557/18-19 |

മേൽ പ്രവൃത്തിയിൽ കരാറുകാരന് തുക നൽകിയിട്ടുണ്ട്. ബി.പി.സി എൽ ഫണ്ടുപയോഗിച്ചാണ് തുക നൽകിയിട്ടുള്ളത്. പ്രവൃത്തിയുടെ ആദ്യ ഗഡു പാർട്ട് ബില്ല് തയ്യാറാക്കിയതനുസരിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ 13.2.2020 ലെ 1(10) തീരുമാനമനുസരിച്ചാണ് നൽകിയത്. എന്നാൽ നാളിതു വരെയും പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബില്ല് മാറി നൽകിയതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

## 1-29 ദിശ-സമഗ്ര വിദ്യാഭ്യാസ പദ്ധതി

ഹെഡ്മിസ്ട്രസ്, ഗവ.യു.പി.സ്കൂൾ, പുത്തൻകുരിശ് നിർവ്വഹണോദ്യോഗസ്ഥയായി ദിശ-സമഗ്ര വിദ്യാഭ്യാസ പദ്ധതി എന്ന പ്രൊജക്ട് (പ്രൊജക്ട് നമ്പർ-197/2020) ഓഡിറ്റ് വർഷം നടപ്പാക്കി. പഞ്ചായത്ത് പരിധിയിലുള്ള സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തൽ, പാഠ്യേതര പ്രവർത്തനങ്ങളിലെ കഴിവും സ്കൂളുകളിലെ ഭൗതിക സാഹചര്യവും മെച്ചപ്പെടുത്തൽ എന്നിവയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പദ്ധതി ചെലവായി തനതു ഫണ്ടിൽ നിന്നും 37,17,000/- രൂപ വകയിരുത്തുകയും 12,17,000/-രൂപ നിർവ്വഹണോദ്യോഗസ്ഥയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്തു.

പദ്ധതി വർഷം തന്നെ പ്രൊജക്ട് നമ്പർ-20/2020 പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 15,29,500/-രൂപ എസ്.എസ്.എ. വിഹിതമായും നൽകിയിട്ടുണ്ട്. എസ്.എസ്.എ. ജില്ലാ പ്രൊജക്ട് ഓഫീസറുടെ 10.7.19 ലെ കത്തിൽ 2019-20 വർഷം വടവുകോട്-പുത്തൻകുരിശ് ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 38,23,700/- രൂപയുടെ പദ്ധതിപ്രവർത്തനങ്ങളുടെ ധനവിനിയോഗക്രമം ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുകയുടെ 40%തുകയാണ് എൽ.എസ്.ജി.ഷെയർ ആയി നൽകിയ 15,29,500/-രൂപ. സാമ്പത്തിക വർഷാവസാനം നൽകുന്ന ധന വിനിയോഗ സാക്ഷ്യ പത്രത്തിന്റെ വിശദീകരണമായി ധനവിനിയോഗ ക്രമം കണക്കാക്കേണ്ടതാണെന്നും കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. 22.9.2020 ൽ ലഭിച്ച ധന വിനിയോഗ സാക്ഷ്യ പത്രത്തിൽ 15,29,500/-രൂപ പൂർണമായും പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ധനവിനിയോഗ ക്രമത്തിൽ സൂചിപ്പിച്ചിരിക്കുന്ന വിവിധ പ്രവർത്തനങ്ങൾക്ക് തുക പൂർണമായി ചെലവഴിച്ചതായി ഇതിൽ നിന്നും മനസിലാക്കാം. സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ., തീയതി.29.01.18 പ്രകാരമുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക7.6.4 അനുസരിച്ച് പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥികളുടെ സർഗാത്മക ശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രൊജക്ടുകൾ എസ്.എസ്.എ, ആർ.എം.എസ്.എ., വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ദിശ വിദ്യാഭ്യാസ പരിപാടി പ്രകാരം ഏറ്റെടുത്ത പരിപാടികൾ എസ്.എസ്.എ, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവ വഴി നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ആവർത്തനമല്ല എന്നു സാക്ഷ്യപ്പെടുത്തിയിട്ടില്ല. എസ്.എസ്.എ.ഫണ്ട് പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രവും ലഭിച്ചിട്ടുള്ളതിനാൽ ദിശ പ്രവർത്തനങ്ങൾ ഇരട്ടിപ്പാണോയെന്ന് ഓഡിറ്റിന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

## 1-30 മഴക്കാല പൂർവ്വ ശുചീകരണം- അപാകതകൾ

| വൗച്ചർ നം | ചെക്ക് നം/തീയതി | തുക |
|---|---|---|
| 2190034 | 084030/05.07.2019 | 215250 |
| 21900378 | 084064/19.07.2019 | 24750 |
| 21900518 | 084134/31.08.2019 | 15000 |
| ആകെ | | 255000 |

2019-20 സാമ്പത്തിക വർഷം മഴക്കാല പൂർവ്വ ശുചീകരണത്തിനായി 2,55,000/-രൂപ ഗ്രാമപഞ്ചായത്ത് വിവിധ വാർഡ് തല സാനിട്ടേഷൻ സമിതികൾക്ക് കൈമാറിയിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിന് ശുചിത്വ മിഷനിൽ നിന്നും ഫണ്ട് ലഭ്യമാകുവാൻ കാലതാമസം നേരിടുന്നതിനാൽ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ സർക്കാർ നിർദ്ദേശം [സ.ഉ (സാധാ)നം.923/2019/തസ്വഭവ തീയതി 2.5.2019] ഉണ്ടായിട്ടുണ്ട്. ഈ തുക സാനിട്ടേഷൻ സമിതികളുടെ അക്കൗണ്ടുകളിൽ ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുകയാണോയെന്നും, അതോ വിവിധ വാർഡുകളിൽ ചെലവഴിച്ചിട്ടുണ്ടോയെന്നുമുള്ള വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.14/21 തീയതി 11.03.21) നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. തുകയുടെ വിനിയോഗ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 ടാക്സി വാടകയായി തുക അനുവദിച്ചത്-അപാകതകൾ

ഓഡിറ്റ് വർഷം പഞ്ചായത്ത് വാഹനം വർക്ക്ഷോപ്പിൽ ആയിരുന്ന സമയത്ത് ഔദ്യോഗികാവശ്യങ്ങൾക്കായി ടാക്സി ഉപയോഗിച്ചതിന് ശ്രീ കണ്ണൻ ടി ബി എന്ന വ്യക്തിയ്ക്ക് ടാക്സി വാടകയായി തുക അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ വൌച്ചറിനോടൊപ്പം ട്രിപ്പ് ഷീറ്റോ, എവിടേയ്ക്ക് നടത്തിയ യാത്രകളാണെന്നോ ഉള്ള വിശദ വിവരം ചേർത്തിട്ടില്ല. നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം/തീയതി | ഏത് മാസത്തേക്ക് നൽകിയ തുക | നൽകിയ തുക |
|---|---|---|---|---|
| 1 | 21900065 | 081246/17.04.2019 | 10.04.2019 വരെയുള്ള തുക | 30000 |
| 2 | 21900073 | 081253/27.04.2019 | അഡ്വാൻസായി നൽകിയ തുക | 15000 |
| 3 | 21900122 | 081276/08.05.2019 | 10.02.2019 മുതൽ 10.03.2019 വരെയുള്ള തുക | 13832 |
| 4 | 21900146 | 081298/15.05.2019 | 11.04.2019 മുതൽ 10.05.2019 വരെയുള്ള തുക | 30000 |
| 5 | 21900158 | 081309/20.05.2019 | 11.03.2019മുതൽ 10.05.2019 വരെയുള്ള തുക | 11362 |
| 6 | 21900247 | 083359/15.06.2019 | 11.05.2019 മുതൽ 10.06.2019 വരെയുള്ള തുക | 45000 |
| 7 | 21900270 | 083996/26.06.2019 | അഡ്വാൻസായി നൽകിയ തുക | 10000 |
| 8 | 21900363 | 084051/15.07.2019 | അഡ്വാൻസ് കിഴിച്ച് നൽകിയ തുക | 47714 |
| | ആകെ നൽകിയ തുക | | | 191546 |

മേൽ അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.13/21തീയതി.11.03.21) മുഖേന ആവശ്യപ്പെട്ടതിന് തൃപ്തികരമായ മറുപടി ലഭിച്ചില്ല. സർക്കുലർ നമ്പർ 85/2018/ഫിൻ തീയതി 15.09.2018 ഉത്തരവ് പ്രകാരം സുതാര്യമായ ടെണ്ടർ നടപടികളിലൂടെയാകണം വാഹനം വാടകയ്ക്ക് എടുക്കേണ്ടതെന്നും, ഒരു ദിവസത്തെ കുറഞ്ഞ മണിക്കൂറുകളും, ഒരു മാസത്തേയ്ക്കുള്ള കുറഞ്ഞ

കിലോമീറ്ററും നിശ്ചയിച്ച് പ്രതിമാസ ചാർജ്ജ് നിർണ്ണയിക്കേണ്ടതാണെന്നും വിശദീകരിച്ചിട്ടുണ്ട്. ഈ രീതിയിൽ വേണം കരാറിൽ ഏർപ്പെടേണ്ടത് എന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിൽ കരാറിൽ ഏർപ്പെടുകയോ, ആവശ്യമായ രേഖകൾ ഓഡിറ്റിന് മുൻപാകെ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ വാഹനങ്ങൾ വാടകയ്ക്കെടുക്കലുമായി ബന്ധപ്പെട്ട് കേരള ഫിനാൻഷ്യൽ കോഡ് വാല്യം 2 ൽ നിഷ്കർഷിക്കും പ്രകാരം DCB Register (KFC Form 48B) പരിപാലിക്കേണ്ടതുമാണ്. മേൽ അപാകതകൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-32 വിവിധ വിഷയങ്ങളിൽ മുൻകാല റിപ്പോർട്ടുകളിൽ പരാമർശിച്ച പോരായ്മകൾ പരിഹരിച്ചില്ല

2018-19 വർഷത്തെ ഓഡിറ്റ് 12/2019ൽ നടക്കുകയും റിപ്പോർട്ട് 07.02.2020ന് സ്ഥാപനത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ച് ഒരുമാസത്തിനകം പ്രത്യേക ഭരണസമിതി യോഗത്തിൽ റിപ്പോർട്ട് പരിഗണിക്കണമെന്നിരിക്കെ ഇത് 26.06.2020 തീയതിയിലാണ് ഭരണസമിതി പരിഗണിച്ചത്. കൂടാതെ റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം നിയമപരമായി നൽകേണ്ട പ്രഥമ മറുപടി സ്ഥാപനം ലഭ്യമാക്കിയത് 21.08.2020ന് ആണ്. ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് അനന്തരറിപ്പോർട്ട് 30.09.2020ന് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ട് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, ചട്ടം, കേരള പഞ്ചായത്ത് രാജ് ആക്ട് എന്നിവയിലെ വ്യവസ്ഥകൾ ഇവിടെ ലംഘിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ഈ റിപ്പോർട്ട്, ആവശ്യമായ തിരുത്തൽ നടപടികൾക്ക് നേതൃത്വം നൽകേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ആയത് നാളിതുവരെയും പരിഗണിച്ചിട്ടില്ലെന്നതും ശ്രദ്ധേയമാണ്.

വിവിധ വിഷയങ്ങളിൽ മുൻകാല റിപ്പോർട്ടുകളിൽ പരാമർശിച്ച പോരായ്മകൾ നാളിതുവരെ പരിഹരിച്ചില്ലെന്ന് ഈ വിഷയങ്ങളിലെ നിലവിലെ അവസ്ഥ വെളിവാക്കുന്നു. വരവ്-ചെലവിനങ്ങളിൽ 2018-19 വർഷത്തെ റിപ്പോർട്ടിലെ ആദ്യത്തെ 20 പരാമർശങ്ങളിൽ (ഖണ്ഡികകളിൽ) ആഭ്യന്തരനിയന്ത്രണം, വാർഷികകണക്കുകളിലെ അപാകതകൾ എന്നിവ സംബന്ധിച്ചവയൊഴിച്ച് ബാക്കിയുള്ളവ നികുതി നികുതിയേതര വരുമാനവുമായി ബന്ധപ്പെട്ട പോരായ്മകളായിരുന്നു. ഈ 20 പരാമർശങ്ങളിൽ പൊതുമരാമത്തുമായി ബന്ധപ്പെട്ട രണ്ട് പരാമർശങ്ങൾ മാത്രമാണ് തീർപ്പാക്കിയത്.

തൊഴിൽ നികുതി, കെട്ടിട നികുതി, ബിൽഡിംഗ് പെർമിറ്റ് (ഉദാ.ഓ.റി.2015-16 ഖ. 2-4,2-7,2-8, ഓ.റി 2016-17. ഖ.2-2, ഓ.റി 2017-18 ഖ.2-1) തുടങ്ങി വിവിധ വിഷയങ്ങളിലെ അപാകതകൾ മുൻകാല റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിട്ടും നാളിതുവരെ അവ തിരുത്തപ്പെടാത്ത അവസ്ഥാ വിശേഷം സ്ഥാപനത്തിൽ നിലനിൽക്കുന്നു.

ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്കും അപാകതകൾ പരിഹരിക്കുന്നതിന് നല്കുന്ന നിർദ്ദേശങ്ങൾക്കും അർഹമായ പ്രാധാന്യം സ്ഥാപനം നൽകുന്നില്ലെന്ന് മേൽ വസ്തുതകൾ വെളിവാക്കുന്നു. ഉദ്യോഗസ്ഥർ മുതൽ ഭരണസമിതി വരെയുള്ള വിവിധ തലങ്ങളിലെ ജാഗ്രതക്കുറവാണ് അപാകതകൾ ആവർത്തിക്കാൻ കാരണമെന്നു കാണാം. വിവിധ റിപ്പോർട്ടുകളിലായി പരാമർശിച്ചതും നിലവിലും ആവർത്തിക്കുന്നതുമായ അപാകതകൾ പരിഹരിക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേകശ്രദ്ധ പതിപ്പിക്കേണ്ടതും സ്വീകരിച്ച നടപടിയുടെ വിശദാംശം ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്. ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ വിവിധ വിഷയങ്ങളിലെ നിലവിലെ അവസ്ഥ വിശദമാക്കിയതും പരിഹരിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയതും കൂടി കാണുക.

## ഭാഗം -2

## 2-1 തൊഴിൽ നികുതി ഈടാക്കിയതിലെ -അപാകതകൾ

1) വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിലെ 2019- 2020 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു . വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപന ത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ടത് | ഈടാക്കിയ തുക | കുറവ് | രസീത് നം/ തീയതി |
|---|---|---|---|---|---|---|---|
| 1 | ജി.എൽ. പി.എസ്, വടവുകോട് | ഇന്ദിര .കെ.എൻ | 83376/- | 450/- (19-20 ഒന്നാം അർദ്ധ വർഷം) | 750/- | 300/- | 119020102558/ 31.8.19 |
| 2 | ഫാക്ട്, കൊച്ചി | അഖിലാഷ് വി.വി (Sl NO.617) | 91599.75 | 250/-(19-20 ഒന്നാം അർദ്ധ വർഷം) | 750/- | 500/- | 119020500067/ 29.8.19 |
| 3 | " | രാജ്മോഹൻ .ആർ (Sl NO.619) | 94217.08 | 250/-(19-20 ഒന്നാം അർദ്ധ വർഷം) | 750/- | 500/- | 119020500067/ 29.8.19 |
| 4 | " | അബ്ദുൾ സമദ്.എൻ(Sl NO.629) | 88825.86 | 250/-(19-20 ഒന്നാം അർദ്ധ വർഷം) | 750/- | 500/- | 119020500067/ 29.8.19 |
| 5 | " | വിപീഷ് . സി (Sl NO.630) | 91599.75 | 250/-(19-20 ഒന്നാം അർദ്ധ വർഷം) | 750/- | 500/- | 119020500067/ 29.8.19 |
| 6 | " | ആഷിൻബാബു.എ(Sl NO.631) | 93088.89 | 250/-(19-20 ഒന്നാം അർദ്ധ വർഷം) | 750/- | 500/- | 119020500067/ 29.8.19 |
| 7 | " | തമീസ് ഇബ്രാഹിം(Sl NO.632) | 91553.23 | 375/-(19-20 ഒന്നാം അർദ്ധ വർഷം) | 750/- | 375/- | 119020500067/ 29.8.19 |
| 8 | " | സുബിത് .ടി (Sl NO.633) | 97505.35 | 250/-(19-20 ഒന്നാം അർദ്ധ വർഷം) | 750/- | 500/- | 119020500067/ 29.8.19 |
| 9 | " | ജയകാന്ത്.എസ് (Sl NO..634) | 97229.29 | 250/-(19-20 ഒന്നാം അർദ്ധ വർഷം) | 750/- | 500/- | 119020500067/ 29.8.19 |
| 10 | കോട്ട് സോഫ്റ്റ് വെയർ പ്രൈ. ലിമിറ്റഡ് | ജൂലിയ ജോളി (Sl NO.21) | 42400/- | 250/-(19-20 രണ്ടാം അർദ്ധ വർഷം) | 300/- | 50/- | 120020-900003/ 2.6.2020 |
| 11 | " | നികിത വി.ജെ(Sl NO.25) | 46613/- | 250/-(19-20 രണ്ടാം അർദ്ധ വർഷം) | 450/- | 200/- | 120020900003/ 2.6.20201 |
| 12 | ബി.പി .സി.എൽ ,കെ.ആർ.എൽ | കൃഷ്ണകുമാർ.സാബു (Sl NO.2059) | 133855.33 | 750/-(19-20 ഒന്നാം അർദ്ധ വർഷം) | 1250/- | 500/- | 11905006920/ 29.8.2019 |
| 13 | " | ഡിപ്റ്റഡീപ് പോൾ (Sl NO.236) | 161119.60 | 1000/-(19-20 ഒന്നാം അർദ്ധ വർഷം) | 1250/- | 250/- | 11905006920/ 29.8.2019 |
| 14 | " | കുമാർ സൗരവ് (Sl NO.2101) | 197740.711 | 1000/-(19-20 ഒന്നാം അർദ്ധ വർഷം) | 1250/- | 250/- | 11905006920/ 29.8.2019 |
| ആകെ കുറവ് | | | | | | 5425/- | |

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 9/10.03.21)ക്ക് ഒടുക്കിയതിൽ കുറവു വന്ന തുക ഉടൻ അടക്കുവാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് നൽകിയത്. കുറവ് വന്ന 5425/- രൂപ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വാടക-ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കടമുറികൾ 2019-20 വർഷത്തിൽ വാടകയ്ക്ക് എടുത്തിരുന്നവർ വാടക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടമുറിനം | വാടകക്കാരന്റെ വിവരം | പ്രതിമാസ വാടക + ജി.എസ്.റ്റി | വാടക ഒടുക്കാത്ത കാലയളവ് | ആകെ ഒടുക്കേണ്ട വാടക | റിമാർക്സ് (ഈടാക്കാനുള്ള കുടിശ്ശിക) |
|---|---|---|---|---|---|---|
| 1 | XIV/358 | പി.വി | 1563+281 | 04/19-03/20 | 18756+ 3372 | |

| | | | | | | |
|---|---|---|---|---|---|---|
| | | കൃഷ്ണൻകുട്ടി പൊന്നോത്ത് കാരോട് | | | | |
| 2 | XIV/376 | സി.എൻ സുകുമാരൻ ചെങ്ങരയിൽ | 440+79 | 04/19-03/20 | 5280+ 948 | |
| 3 | II/702 | പീറ്റർ ചെറുവിള്ളിൽ | 2671+481 | 2/20-3/20 | 5342+ 962 | |
| 4 | V/325 | തേവർ പള്ളിയൻ മലേക്കുടിയിൽ | 840+151 | | 19-20 (അടവാക്കിയിട്ടുണ്ട്.) | 18-19 ഒക്ടോബർ-മാർച്ച് 5040+ 906= 5946 |
| 5 | VIII/1020 | ശശി ചിരപ്പാട്ട് | 3448+621 | 12/19-3/20 | 13792+ 2484 | |
| 6 | VIII/1022 | റെജി.പി.പി പെരുന്തറയിൽ | 8631+ 1554 | 3/20 | 8631+ 1554 | |
| 7 | VIII/1032 | പി.പി പീറ്റർ പാലച്ചുവട്ടിൽ | 3123+ 562 | 2/20-3/20 | 6246+ 1124 | |
| 8 | VIII/1032-D | സന്തോഷ് കൊളപ്പിള്ളിൽ | 500+90 | 04/19-03/20 | 6000+ 1080 | |
| 9 | VIII/427 | സെക്രട്ടറി, VICOS | 1141+205 | 04/19-03/20 | 13692+ 2460 | 17-18 (6/17-3/18) - ൽ 10835രൂപയും 18-19 (4/18-3/19) -ൽ 15372 രൂപയും കുടിശ്ശികയുണ്ട് |
| 10 | VIII/428 | സെക്രട്ടറി, VICOS | 1425+257 | 04/19-03/20 | 17100 +3084 | 17-18 (6/17-3/18)ൽ 13530 രൂപയും 18-19 (4/18-3/19)ൽ 19212 രൂപയും കുടിശ്ശികയുണ്ട് . |
| 11 | VIII/429 | സെക്രട്ടറി, VICOS | 901+162 | 04/19-03/20 | 10812+ 1944 | 17-18 (6/17-3/18)ൽ 8558രൂപയും 18-19 (4/18-3/19)ൽ 12144 രൂപയും കുടിശ്ശികയുണ്ട്. |
| 12 | VIII/430 | സെക്രട്ടറി, VICOS | 901+162 | 04/19-03/20 | 10812+ 1944 | 17-18 (6/17-3/18)ൽ 8558രൂപയും 18-19 (4/18-3/19)ൽ 12144 രൂപയും കുടിശ്ശികയുണ്ട്. |
| ആകെ | | | 25584+ 4605 = 30189 | | 116463+20956= 137419 | 106299 |

മേൽ വാടകക്കാരിൽ നിന്നും വാടക,വാടക കുടിശ്ശിക എന്നിവ ഈടാക്കേണ്ടതാണ്.

## ഭാഗം -3

### 3-1 ടെണ്ടർ കുറവ് തുക ബില്ലിൽ കുറച്ചില്ല-രൂപ 13,920/-കരാറുകാരന് അധികം നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 311/20 |
| പ്രവൃത്തിയുടെ പേര് | ജെ ബി എസ് കുറ്റ മെയിന്റനൻസ്-ഭോജനശാല നിർമ്മാണം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ, വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | 4,00,000 രൂപ (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| കരാറുകാരൻ | ശ്രീ. ജയൻ എൻ മാത്യൂസ്,നെല്ലിക്കര തെക്കേടത്ത്, തിരുവാങ്കുളം Account No.338801010100037146, Union Bank,Puthencruz |
| അളവ് പുസ്തകം | 556/18-19 |

ഈ പ്രവൃത്തി നടപ്പാക്കുന്നതിന് 13.12.2018 ൽ ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ. ജയൻ എൻ മാത്യൂസ് സമർപ്പിച്ച 4.3% കുറവ് നിരക്കിലുള്ള ടെണ്ടർ 30.03.2019 ലെ പഞ്ചായത്ത് കമ്മിറ്റി യോഗത്തിന്റെ 2(2)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും കരാറുകാരനുമായി 22.01.19 ൽ കരാർ(നം.77/AE/LSGD/VPGP/18-19) വെച്ച് പ്രവൃത്തി നടപ്പാക്കുകയും ചെയ്തു. ആകെ മൂല്യം 323728/- രൂപയായ ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ 27.09.19 ലെ ട്രഷറി ബിൽ നമ്പർ 22/19-

20 മുഖേന കരാറുകാരന് നൽകിയത് 4.3% ടെണ്ടർ വ്യതിയാനമായ രൂപ 13,920/-രൂപ കുറയ്ക്കാതെയാണ്. ആയതിനാൽ ഈ പ്രവൃത്തിയിൽ ഫണ്ടിൽ നിന്നും 13,920/-രൂപ കരാറുകാരന് അധികം നൽകാൻ ഇടയായിട്ടുണ്ട്. ടെണ്ടർ കുറവ് തുക ബില്ലിൽ കുറയ്ക്കാതിരുന്നതിന് വിശദീകരണം (ഓഡിറ്റ് എൻക്വയറി നം.2/08.03.21) നൽകേണ്ടതും കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 3-2 ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ കരാറുകാർക്ക് അധിക തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല

01.11.2017 ലെ സ.ഉ (അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ജി.എസ്.ടി ചട്ടങ്ങൾ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളായ റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ, കൾവർട്ടുകൾ തുടങ്ങിയവയുടെ DSR പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കുകൾ വിശകലനം ചെയ്തിട്ടുള്ളതിനാൽ ആയതിന്റെ നെറ്റ് ജി.എസ്.ടി. കോമ്പൻസേഷൻ മേൽ പരാമർശിച്ച സർക്കാർ ഉത്തരവിൽ Additional Tax Burden On Works Awarded At Pre GST Tax Rates എന്ന ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പട്ടിക പ്രകാരമുള്ള Extra Tax Burden Under GST അനുവദിക്കാവുന്നതാണ്. മരാമത്ത് പ്രവൃത്തികളുടെ ബില്ല് തയ്യാറാക്കുമ്പോൾ Tender Excess/Deduction വരുത്തിയതിനു ശേഷമുള്ള Net Amount-ന്റെ കൂടെ പട്ടിക പ്രകാരമുള്ള ജി.എസ്.ടി. കോമ്പൻസേഷൻ ശതമാന കണക്കിൽ അധികമായി കൂട്ടി നൽകാവുന്നതാണ്. പട്ടിക പ്രകാരം Masonry Building (New And Maintanance) പ്രവൃത്തികൾക്ക് അനുവദനീയമായ ജി.എസ്.ടി. കോമ്പൻസേഷൻ 5 ശതമാനവും Bituminous Topping Road Work (Bitumen Contractor Supply) പ്രവൃത്തികൾക്ക് അനുവദനീയമായ ജി.എസ്.ടി കോമ്പൻസേഷൻ 3 ശതമാനവും ആണ്. ഈ ഉത്തരവ് പ്രകാരം സിമന്റ് കോൺക്രീറ്റ് റോഡുകൾ ഉൾപ്പെടുന്ന സിമന്റ് കോൺക്രീറ്റ് പ്രവൃത്തികൾക്കുള്ള Extra Tax Burden '0' ആണ്.

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.11.2017 ലെ ഡിബി3/9058/17/സിഇ/തസ്വഭവ നമ്പർ സർക്കുലറിൽ അനുബന്ധം-1 ആയി ഉൾപ്പെടുത്തിയ പട്ടിക (01.11.2017 ലെ സ.ഉ (അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിൽ Additional Tax Burden On Works Awarded At Pre GST Tax Rates എന്ന ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പട്ടിക പ്രകാരമുള്ള) പ്രകാരമുള്ള ജി.എസ്.ടി നഷ്ടപരിഹാരം അനുവദിക്കേണ്ടതാണ് എന്ന് സ്പഷ്ടീകരണവും നൽകിയിട്ടുണ്ട്.

എന്നാൽ ഗ്രാമ പഞ്ചായത്ത് തൻവർഷം നിർവഹണം നടത്തിയ ചില (റോഡ് കട്ടവിരിയ്ക്കൽ, കോൺക്രീറ്റിംഗ്) പ്രവൃത്തികൾക്ക് നെറ്റ് ബിൽ തുകയുടെ കൂടെ 12% ജി.എസ്.ടി കോമ്പൻസേഷനും കൂട്ടി കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. ചുവടെ പറയുന്ന പ്രവൃത്തികളിൽ സർക്കാർ നിശ്ചയിച്ചതിലും കൂടിയ നിരക്കിൽ കരാറുകാർക്ക് ജി.എസ്.ടി നഷ്ടപരിഹാരം അനുവദിച്ചതിനാൽ 185285/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

| പ്രവൃത്തി, കരാറുകാരൻ, അളവ് പുസ്തകം | കരാറുകാരന് തുക നൽകിയതിന്റെ വിവരം | | അനുവദനീയമായ ജി.എസ്.ടി. കോമ്പൻസേഷൻ നിരക്ക്. | പ്രവൃത്തിക്ക് നൽകേണ്ടിയിരുന്ന തുക | | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| ലക്ഷം വീട് ബൈപ്പാസ് റോഡ് കോൺക്രീറ്റിംഗ്, 103/20, തനത് ഫണ്ട്, കെ പി ബെന്നി, 269/19-20 (എസ്റ്റിമേറ്റ് നിരക്ക്) | ആകെ അളവുമൂല്യം | 570420 | 0 | ആകെ അളവു മൂല്യം | 570420 | |
| | (+) 12% GST | 68450 | | GST | 0 | |
| | ആകെ | 638870 | | ആകെ | 570420 | |
| | 1%(-) ആദായ നികുതി | 6389 | | (-)ആദായ നികുതി | 5704 | |
| | 1%(-) നിർമ്മാണ | 6389 | | (-)നിർമ്മാണ ക്ഷേമ നിധി | 5704 | |

| | | | | | | |
|---|---|---|---|---|---|---|
| | ക്ഷേമ നിധി | | | | | |
| | 2%(-) ജി എസ് ടി | 12778 | | (-) ജി എസ് ടി | 11408 | |
| | കരാറുകാരന് നൽകിയ തുക | 613314 (ചെക്ക് നം. 091112/ 31.03.20) | | കരാറുകാരന് കേണ്ടിയിരുന്ന തുക | 547604 | 65710 |
| നെല്ലിക്കാമുകൾറോഡ് ഫെൻസിംഗ് & ഹാൻഡ്രെയിൻ, 68/20, സി എഫ് സി, സൈമൺ കെ റെജി, 393/19-20 (എസ്റ്റിമേറ്റ് നിരക്ക്) | ആകെ അളവുമൂല്യം | 114134 | 0 | ആകെ അളവു മൂല്യം | 114134 | |
| | (+) 12% GST | 13696 | | GST | 0 | |
| | ആകെ | 127831 | | ആകെ | 114134 | |
| | 1%(-) ആദായ നികുതി | 1278 | | (-) ആദായ നികുതി | 1278 | |
| | 1%(-) നിർമ്മാണ ക്ഷേമ നിധി | 1278 | | (-) നിർമ്മാണ ക്ഷേമ നിധി | 1278 | |
| | കരാറുകാരന് നൽകിയ തുക | 125275 (ബിൽ നം.41/19-20 തീ.13.05.19 | | കരാറുകാരന് കേണ്ടിയിരുന്ന തുക | 111578 | 13697 |
| ഞാറക്കളം നാലുകണ്ടത്തിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ്, 155/20, തനത് ഫണ്ട്, മത്തായി ടി പി, 217/19-20 (എസ്റ്റിമേറ്റ് നിരക്ക്) | ആകെ അളവുമൂല്യം | 172891 | 0 | ആകെ അളവു മൂല്യം | 172891 | |
| | (+) 12% GST | 20747 | | GST | 0 | |
| | ആകെ | 193638 | | ആകെ | 172891 | |
| | 1%(-) ആദായ നികുതി | 1936 | | (-) ആദായ നികുതി | 1729 | |
| | 1%(-) നിർമ്മാണ ക്ഷേമ നിധി | 1936 | | (-) നിർമ്മാണ ക്ഷേമ നിധി | 1729 | |
| | കരാറുകാരന് നൽകിയ തുക | 189766 (ബിൽ നം.088130/ തീ.20.02.20 | | കരാറുകാരന് കേണ്ടിയിരുന്ന തുക | 169433 | 20333 |
| രാജർഷി സ്കൂൾ ഗ്രൌണ്ട് ബൈപ്പാസ് റോഡ് കട്ടവിരിയ്ക്കൽ, 105/20,സി എഫ് സി, ആന്റണി ലാൽരാജ് ജോസഫ്, 218/19-20 (ടെണ്ടർ കുറവ് 5.9%) | ആകെ അളവുമൂല്യം | 177946 | 0 | ആകെ അളവു മൂല്യം | 177946 | |
| | (-) 5.9% Tender Below | 10498 | | (-) 5.9% Tender Below | 10498 | |
| | (+) 12% GST | 20094 | | GST | 0 | |
| | ആകെ | 187542 | | ആകെ | 167448 | |
| | 1%(-) ആദായ നികുതി | 1875 | | (-) ആദായ നികുതി | 1674 | |
| | 1%(-) നിർമ്മാണ ക്ഷേമ നിധി | 1875 | | (-) നിർമ്മാണ ക്ഷേമ നിധി | 1674 | |
| | കരാറുകാരന് നൽകിയ തുക | 183792 (ബിൽ നം.29/19-20, തീ.05.02.20 | | കരാറുകാരന് കേണ്ടിയിരുന്ന തുക | 164100 | 19692 |
| ഒരപ്പനത്താഴം ഫുട്പാത്ത് കോൺക്രീറ്റിംഗ്, 100/20,തനത്, ജിത്തു പീറ്റർ, 605/18-19, (എസ്റ്റിമേറ്റ് നിരക്ക്) | ആകെ അളവുമൂല്യം | 134592 | 0 | ആകെ അളവു മൂല്യം | 134592 | |
| | (+) 12% GST | 16151 | | GST | 0 | |
| | ആകെ | 150744 | | ആകെ | 134592 | |
| | 1%(-) ആദായ നികുതി | 1507 | | (-) ആദായ നികുതി | 1346 | |
| | 1%(-) നിർമ്മാണ ക്ഷേമ നിധി | 1507 | | (-) നിർമ്മാണ ക്ഷേമ നിധി | 1346 | |
| | കരാറുകാരന് നൽകിയ തുക | 147729 (ചെക്ക് നം.088037 തീ.28.01.20 | | കരാറുകാരന് കേണ്ടിയിരുന്ന തുക | 131900 | 15829 |
| പരതപ്പാടം തോട് പ്രൊട്ടക്ഷൻ,48/20,തനത് ഫണ്ട്,കെ എസ് ഗിരിദാസ്,220/19-20, (എസ്റ്റിമേറ്റ് നിരക്ക്) | ആകെ അളവുമൂല്യം | 229461 | 0 | ആകെ അളവു മൂല്യം | 229461 | |
| | (+) 12% GST | 27535 | | GST | 0 | |
| | ആകെ | 256997 | | ആകെ | 229461 | |
| | 1%(-) ആദായ നികുതി | 2570 | | (-) ആദായ നികുതി | 2295 | |
| | 1%(-) നിർമ്മാണ ക്ഷേമ നിധി | 2570 | | (-) നിർമ്മാണ ക്ഷേമ നിധി | 2295 | |

| | | | | | | |
|---|---|---|---|---|---|---|
| | 2%(-) ജി എസ് ടി | 5140 | | (-) ജി എസ് ടി | 5140 | |
| | കരാറുകാരന് നൽകിയ തുക | 246717 (ചെക്ക് നം.088131 /24.02.20) | | കരാറുകാരന് കേണ്ടിയിരുന്ന തുക | 219731 | 26986 |
| ലക്ഷം വീട് കോളനി റോഡ് കട്ട വിരിയ്ക്കൽ,104/20,സി എഫ് സി,കെ പി ബെന്നി,215/19-20 (ടെണ്ടർ കുറവ് 0.1%) | ആകെ അളവുമൂല്യം | 196099 | 0 | ആകെ അളവു മൂല്യം | 196099 | |
| | (-) 0.1% Tender Below | 196 | | | 196 | |
| | (+) 12% GST | 23508 | | GST | 0 | |
| | ആകെ | 219411 | | ആകെ | 195903 | |
| | 1%(-) ആദായ നികുതി | 2194 | | (-) ആദായ നികുതി | 1959 | |
| | 1%(-) നിർമ്മാണ ക്ഷേമ നിധി | 2194 | | (-) നിർമ്മാണ ക്ഷേമ നിധി | 1959 | |
| | കരാറുകാരന് നൽകിയ തുക | 215023 (ബിൽ നം.32/ 19-20, 22.02.20) | | കരാറുകാരന് കേണ്ടിയിരുന്ന തുക | 191985 | 23038 |
| ആകെ | | | | | | 185285 |

സർക്കാർ ഉത്തരവ് മറികടന്ന കൊണ്ട് അധിക നിരക്കിൽ ജി.എസ്.ടി കോമ്പൻസേഷൻ നൽകിയതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി (നം.26/21തീയതി 15.03.21) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. അധികമായി നൽകിയ തുക ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-3 കാലിത്തൊഴുത്ത് നവീകരണം-അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | S 0043 /20 |
| പ്രൊജക്ടിന്റെ പേര് | വനിതകൾക്ക് കാലിത്തൊഴുത്ത് നവീകരണം |
| നിർവ്വഹണോദ്യോഗസ്ഥ | വെറ്ററിനറി സർജൻ, ഗവ.മൃഗാശുപത്രി |
| അടങ്കൽ | 8,00,000/-(പൊതുവിഭാഗം വികസന ഫണ്ട്) |
| ചെലവ് | 8,00,000/- |

കാലിത്തൊഴുത്ത് നവീകരണം എന്ന പ്രൊജക്ട് പ്രകാരം 33 വ്യക്തികൾക്ക് ചുവടെ ചേർക്കുന്നതു പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചു. പരമാവധി സബ്സിഡി തുക പൊതുവിഭാഗത്തിന് 25,000/-രൂപയാണ്.

| ബിൽ നമ്പരും തീയതിയും | തുക |
|---|---|
| 1/19-20/25.9.19 | 1,25,000/- |
| 2/19-20/25.10.19 | 1,25,000/- |
| 3/19-20/28.11.19 | 2,75,000/- |
| 4/19-20/28.11.19 | 1,12,755/- |
| 5/19-20/21.12.19 | 50,000/- |
| 7/19-20/21.12.19 | 25,000/- |
| 8/19-20/22.2.20 | 40,680/- |
| 9/19-20/27.2.20 | 25,000/- |
| 10/19-20/29.2.20 | 21,565/- |
| ആകെ തുക | 8,00,000/- |

പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ, പഞ്ചായത്ത് കമ്മറ്റിയുടെ 28.02.2019 ലെ യോഗ തീരുമാനം നമ്പർ 2 പ്രകാരം അംഗീകരിച്ചതും സകർമ്മയിൽ അപ് ലോഡ് ചെയ്തതുമായ ഗുണഭോക്തൃ

ലിസ്റ്റിൽ ഉൾപ്പെടാത്ത മേരി മത്തായി, ചാലവന എന്ന വ്യക്തിക്ക് (വാർഡ്-13) 25,000/- രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട് (ട്രഷറി ബിൽ നമ്പർ-2/19-20/25.10.19). പഞ്ചായത്ത് കമ്മറ്റിയുടെ 14.8.19 ലെ യോഗ തീരുമാനം നമ്പർ 6 പ്രകാരം അംഗീകരിച്ച അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റിലും 5.9.19 ലെ 1/10 നമ്പർ തീരുമാന പ്രകാരമുള്ള അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റിലും മേരി മത്തായി ഉൾപ്പെട്ടിട്ടില്ല. 28.02.2019 ലെ തീരുമാനം നമ്പർ 2 പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സാറാമ്മ മത്തായിയുടെ പേര് ഒഴിവാക്കി മേരി മത്തായിയെ ക്രമ നമ്പർ 12 ആയി ഉൾപ്പെടുത്തി 28.02.2019 ലെ യോഗ തീരുമാനം നമ്പർ 2 പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് എന്ന പേരിൽ ക്രമനമ്പർ വ്യത്യസ്തമായ മറ്റൊരു ഗുണഭോക്തൃ ലിസ്റ്റ് സെക്രട്ടറി ഒപ്പിട്ടു നൽകിയതും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പേരിൽ തിരുത്തൽ വരുത്തിയ ഈ ഗുണഭോക്തൃ ലിസ്റ്റിനെ ആധാരമാക്കിയാണ് മേരി മത്തായിക്ക് ആനുകൂല്യം നൽകിയത്.

ഈ വിഷയം സംബന്ധിച്ച് നൽകിയ 7/19-20/10.3.2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 10.3.2021 ൽ നിർവ്വഹണോദ്യോഗസ്ഥ നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് സാറാമ്മ മത്തായി എന്നു ഗുണഭോക്തൃ ലിസ്റ്റിൽ തെറ്റായി പ്രിന്റ് ചെയ്തതാണെന്നും മേരി മത്തായി ആണ് യഥാർത്ഥ ഗുണഭോക്താവ് എന്ന് വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് എന്നാണ്. സകർമ്മയിൽ അപ് ലോഡ് ചെയ്ത ഗുണഭോക്തൃ ലിസ്റ്റിനാണ് സാധുത ഉള്ളത്. വാർഡ് മെമ്പറുടെ സാക്ഷ്യപ്പെടുത്തൽ അടിസ്ഥാനമാക്കി നൽകേണ്ട ഒന്നല്ല പദ്ധതി ആനുകൂല്യം. കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ മാറ്റം വരുത്തി സാക്ഷ്യപ്പെടുത്തി നൽകിയ സെക്രട്ടറിയുടെ നടപടിയും തെറ്റാണ്. ഗുണഭോക്തൃ ലിസ്റ്റിൽ മാറ്റം വരുത്തിയ കാര്യം പഞ്ചായത്ത് കമ്മറ്റി അറിഞ്ഞിട്ടില്ല.

വാർഡ് നമ്പർ 13 ന്റെ ഗ്രാമസഭ മിനിട്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പ് പ്രൊജക്ട് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ഹാജരാക്കിയ വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് ബുക്കിൽ കാലിത്തൊഴുത്ത് നവീകരണം എന്ന പദ്ധതി സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകളും വരുത്തിയിട്ടില്ല. ആനുകൂല്യം അനുവദിക്കുന്നതിനായി ഗുണഭോക്താക്കൾ നൽകിയ അപേക്ഷകൾ ഓഡിറ്റിന് ഹാജരാക്കുവാനും എൻക്വയറി മുഖേന ആവശ്യപ്പെട്ടുവെങ്കിലും എഗ്രിമെന്റ് മാത്രമേ വെയ്ക്കാറുള്ളൂവെന്നാണ് മറുപടിയിൽ പറഞ്ഞത്. തെറ്റായ ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നൽകിയ ആനുകൂല്യം ആയതിനാൽ 25,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക പ്ലാൻ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 08.03.2021 & 09.03.2021 | KSA-EKM (PG) 1227(49)/2021 Dt.10.03.2021 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി നമ്പർ, പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1399680 | 417, ബയോ കമ്പോസ്റ്റർ (ഗാർഹികം) | 0 | 1399680 |
| | 2019-20 | 275000 | 31, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 275000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 47137 | 232, ലൈഫ് ഭവന നിർമ്മാണം ജനറൽ | 47137 | 0 |
| ,, | 2019-20 | 800000 | 216, ലൈഫ് ഭവന നിർമ്മാണം (എസ്.സി) | 350000 | 450000 |
| ,, | 2019-20 | 800000 | 217, ലൈഫ് ഭവന പദ്ധതി-സ്ഥലം വാങ്ങൽ | 800000 | 0 |
| ,, | 2019-20 | 275000 | 31, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 275000 | 0 |
| ,, | 2019-20 | 860000 | 337,139-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം | 860000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 256/20, ആശ്രമം എസ് സി കോളനി റോഡ് ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിക്കൽ | 0764544, 25.02.2020 | 46795 | 0 | 46795 |
| കേരള വാട്ടർ അതോറിറ്റി | 223/20, അമാസ് ജംഗ്ഷൻ മുതൽ എച്ച് ഒ സി ജംഗ്ഷൻ വരെ പൈപ്പ് ലൈൻ നീട്ടൽ | 843911, 19.06.2019 | 420000 | 0 | 420000 |
| കേരള വാട്ടർ അതോറിറ്റി | 361/20, പൈപ്പ് ലൈൻ നീട്ടൽ,വാർഡ് 2 | 088083, 10.02.2020 | 280000 | 0 | 280000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 58478145 |
| തൻവർഷം നിക്ഷേപിച്ച തുക- പലിശ | 6128187 |
| ആകെ | 64606332 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 64606332 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്) | രസീത് നമ്പർ | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ്. | 338803230000699 | 6607622 |
| 2 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ്. | 338803230000700 | 6607624 |
| 3 | എറണാകുളം ജില്ല സഹകരണ ബാങ്ക്, ചൂണ്ടി | 0513420000017770 | 590460 |
| 4 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ്. | 338803030243407 | 7552288 |
| 5 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ്. | 338803030243406 | 7552283 |
| 6 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ്. | 338803030243408 | 7552288 |
| 7 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ്. | 338803030243405 | 7552288 |
| 8 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ്. | 338803030000729 | 7109874 |
| 9 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ്. | 338803030000730 | 7109875 |
| 10 | വടവുകോട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് | 33046 | 6371730 |
| ആകെ | | | 64606332 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 26240/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി | അക്കൗണ്ട് ഹെഡ് |
|---|---|---|---|---|---|
| 2010-11 | 2-1 | 450 | കെ ചിത്രാംഗദൻ, സെക്രട്ടറി | 119020101596/ 01.07.2019 | 280200401 |
| ” | ” | 60 | ” | 119020101629/ 03.07.2019 | 280200401 |
| ” | ” | 250 | ” | 11902012132/ 01.08.2019 | 280200401 |
| 2013-14 | 2-2 | 2500 | ശ്രീ എ വി ഷാജി,സെക്രട്ടറി | 11902050025/ 06.06.2019 | 280100102 |
| 2014-15 | ” | 2500 | ” | 11902050025/ 06.06.2019 | 280100102 |
| 2018-19 | 1-14 | 8180 | ശ്രീ എൻ അനിൽകുമാർ, സെക്രട്ടറി | 119020104841/ 20.12.2019 | 280200401 |

| | | | | | |
|---|---|---|---|---|---|
| ” | ” | 8300 | ” | ” | 280200401 |
| ” | ” | 250 | ” | 119020106976/ 20.12.2019 | 280200401 |
| ” | ” | 1250 | ” | 119020104812/ 19.12.2019 | 280100102 |
| ” | ” | 2500 | ” | 119020104552/ 11.12.2019 | 280100102 |
| ” | ” | 2500 | ” | 11902050025/ 06.06.2019 | 280100102 |
| ആകെ | | 26240 | | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | ഖണ്ഡിക | | |
| 2000-2001 | 3(A) | 2004-05 | 3.7.1.2.2(1) | വീടുള്ളവർക്ക് വീട് നൽകിയതിലെ തടസ്സം | റവന്യൂ റിക്കവറി പ്രകാരം തുക ഈടാക്കിയതായി അറിയിച്ചിട്ടുണ്ട് |
| 2000-2001 | 3(B) | 2004-05 | 3.7.1.2.2(2) | റെജിമോൻ ചക്കരേടത്ത്, കരിമുകൾ - തടസ്സം | റവന്യൂറിക്കവറി പ്രകാരംതുക ഈടാക്കിവരുന്നു. |
| 2013-14 & 14-15 | 2-2 | 2016-17 | അനുബന്ധം 4 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1.മാവേലി സ്റ്റോറിന്റെ തൊഴിൽ നികുതി 5000/- രൂപ 15/6/2016 ലെ രസീത് നം. 1160210553 പ്രകാരം ഈടാക്കിയെന്നറിയിച്ചിട്ടുണ്ട്.<br>2. മാവേലി സ്റ്റോർ കരിമുകൾ- നികുതി ഈടാക്കുവാൻ കഴിയുകയില്ല എന്നറിയിച്ചിട്ടുണ്ട്.<br>3.തുക ഈടാക്കി യിട്ടില്ല.<br>4.ബിവറേജസ് കോർപ്പറേഷന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്<br>5.തുക ഈടാക്കി യിട്ടില്ല. |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി 2690 രൂപ ഈടാക്കണം | തുക 2690 രൂപ പിരിച്ചെടുത്തിട്ടുണ്ട്. |
| 2015-16 | 2-8 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയില്ല | പരാമർശത്തിലെ 56 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതിൽ 37 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയെന്നറിയിച്ചിട്ടുണ്ട്. മറ്റു സ്ഥാപനങ്ങളിൽ ഓരോ അർദ്ധ വർഷത്തിലും 60 ദിവസത്തിൽ കൂടുതൽ തൊഴിലെടുക്കുന്നവർ ഇല്ല എന്ന് സ്ഥാപന ത്തിന് ബോധ്യപ്പെട്ട തായി അറിയിച്ചു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചാർജ്ജ്/സർചാർജ് സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ.

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| | | | | | | | (തീയതി) | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 25<br>26 എ<br>26 ബി<br>27 | പി.കെ. ശിവൻ | LF18883/ Spl. Cell/ SC2/ 04, 19.09.04 (ചാർജ്) | 107<br>1225<br>758<br>91<br>------<br>2181 | ₹ 1557/- (8/82969 Dt 31.03.00, 62/82919 Dt 31.03.00) | - | - | - | 1557 | 624 | |
| 2 | 1999-00 | 43(1) | പി.എൻ. രാജമ്മ | LF3510/ Spl Cell/ CSC3/06, 01.02.08 | 10000 | | | | | | 10000 | |
| 3 | 2004-05 | 3-4(എ)<br>3-4(ബി)<br>3-4(സി)<br>3-4(ഡി) | ബി.സി. രാധാകൃഷ്ണൻ | LF2723/ CS3/ 10, 27.03.10 | 9614 | | | | | | 9614 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 154087296.27 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 119035087.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 142844.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 224205.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 49040.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ 'ബി'യിലേയും 'സി'യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5425 | | ശ്രീ.അനിൽകുമാർ.എൻ. സെക്രട്ടറി |
| 2-2 | 137419 | | ശ്രീ.അനിൽകുമാർ.എൻ. സെക്രട്ടറി |
| 3-1 | - | 13920 | ശ്രീ.ജോമോൻ.ടി.പി. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 185285 | ശ്രീ.ജോമോൻ.ടി.പി. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 25000 | ശ്രീമതി ആഷ പോൾ,വെറ്ററിനറി സർജൻ |
| ആകെ | 142844 | 224205 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 49040 | ശ്രീമതി ജയ കെ ആർ,ഡയറി ഫാം ഇൻസ്ട്രക്ടർ |
| ആകെ | 49040 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3788/- അസി.എഞ്ചിനീയർ, വടവ്കോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അനിൽകുമാർ.എൻ. സെക്രട്ടറി | സെക്രട്ടറി, പായിപ്ര ഗ്രാമപഞ്ചായത്ത് | ചാമക്കാലായിൽ വീട്, വടയമ്പാടി.പി.ഒ. |
| ശ്രീ.ജോമോൻ.ടി.പി. അസിസ്റ്റന്റ് എഞ്ചിനീയർ | - | തൈയ്യിൽ വീട്, വാരപ്പെട്ടി.പി.ഒ, കോതമംഗലം, എറണാകുളം |
| ശ്രീമതി ജയ കെ ആർ,ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ,മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് | ആർദ്രം,എം.എൽ.എ റോഡ്,ഉദയംപേരൂർ |
| ശ്രീമതി ആഷ പോൾ,വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,വടവ്കോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് | എല്ലൂർപന്നിക്കുഴിയിൽ, കുമാരപുരം പി.ഒ,പള്ളിക്കര |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ഇ.(പി.1) 158/98/ 13.11.1998 | 2 |
| 1997-98 | എൽ.എഫ്.ഇ.(പി.1) 1049/98/ 02.07.1999 | 3 |
| 1998-99 | എൽ.എഫ്.ഇ.(പി.1) 1352/00/ 16.07.2001 | 10 |
| 1999-00 | എൽ.എഫ്.ഇ.(പി.1) 871/01/ 05.11.2001 | 14 |
| 2000-01 | എൽ.എഫ്.ഇ.(പി.1) 726/05/ 03.07.2006 | 4 |
| 2000-01 | എൽ.എഫ്.ഇ.(പി.1) 1459/03/ 20.04.2004 (പ്ലാൻ) | 1 |
| 2001-02 | എൽ.എഫ്.ഇ.(പി.1) 1459/03/ 20.04.2004 (പ്ലാൻ) | 6 |
| 2001-02 | എൽ.എഫ്.ഇ.(പി.1) 727/05/ 06.07.2006 | 1 |
| 2002-03 | എൽ.എഫ്.ഇ.(പി.1)97/2007/ 18.10.2007 | 10 |
| 2003-04 | എൽ.എഫ്.ഇ.(പി.1) 1014/07/ 08.07.2007 | 4 |
| 2004-05 | എൽ.എഫ്.ഇ.(പി.1) 570/09/ 10.07.09 | 3 |
| 2005-06 | എൽ.എഫ്.ഇ.(പി.1) 535/09/ 12.12.12 | 3 |
| 2006-07 | എൽ.എഫ്.ഇ.(പി.1) 588/10/ 25.10.2011 | 1 |
| 2007-08 | എൽ.എഫ്.ഇ.(പി.1) 815/10/ 25.10.2011 | 14 |
| 2008-09, | എൽ.എഫ്.ഇ.(പി.1) 1634/12/ | 7 |

| | | |
|---|---|---|
| 2009-10, 2010-11 | 12.12.12 | |
| 2011-12 | എൽ.എഫ്.ഇ.(പി.1) 12/2014/ 12.02.14 | തീർപ്പാക്കി |
| 2012-13 | എൽ.എഫ്.ഇ.(പി.1) 272/15/06.03.2015 | 3 |
| 2013-14, 2014-15 | കെ.എസ്.എ.ഇ.കെ.എം. (പി.1) 239/16/12.02.2016 | 3 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം. (പി.1) 2050/16/ 15.12.2016 | 4 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം. (പി.1) 1836/17/7.12.2017 | 11 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം. (പി.1) 2025/18, 30.10.2018/17.12.2018 | 2 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം. (പി.1) 01/20, 01.02.2020 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്